# ബഥനിശബ്ദം

ഒക്ടോബർ 2018



# BETHANY SABDHAM

No. 113 | 2018 | October



**Editor**

Fr. Varghese Thykoottathil OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. Shaiju Mathew Meppurath OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Jacob Varghese Eettithadathil, OIC



**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Shany Roopesh

**Published from**

Bethany Ashram Generalate

Kottayam 686010

# ഉൾത്താളുകളിൽ


മുഖമൊഴി 3

**കൃത്യസമയത്ത് ഭക്ഷണം നൽകിയ ഭൃത്യൻ...** 5

റവ.ഫാ.ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

**മായാത്ത ഒരു പുഞ്ചിരിയുടെ ഓർമ്മ...** 9

റവ. ഫാ.ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി.

**ഓർമ്മകളിൽ നിറയുന്ന ബർക്കുമൻസ് അച്ചൻ** 11

റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

**ഒരു നാൾവഴി...** 15

റവ. ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി

**ബഹുസ്വരതയുടെ ആത്മീയ ആചാര്യൻ** 19

റവ. ഡോ. ഗീവർഗ്ഗീസ് ഷാജൻ കുറ്റിയിൽ ഒ.ഐ.സി

**റവ.ഫാ. ജോൺ ബർക്കുമൻസ് ഒ.ഐ.സി.** 25

റവ. ഫാ. ഡോ. കുറിയാക്കോസ് തടത്തിൽ

**മറക്കാത്ത ഓർമ്മകളുമായ്...** 28

Mr. കുഞ്ഞുമോൻ പുളിയൻകീഴ്

**സ്വർഗ്ഗീയ വെളിച്ചത്തിലേക്ക്...** 31

Mr. സൈമൺ പി.വർഗ്ഗീസ് പുളിയൻകീഴ്

**A Down –to-Earth Theologian ........** 35

Rev. Dr. George Thomas Kallunkal OIC

**പുഞ്ചിരി തൂകുന്ന സന്യാസശ്രേഷ്ഠൻ** 53

Mr.ഷിബിൻ പി.വർഗ്ഗീസ് പുളിയൻകീഴ്

**ഞങ്ങളുടെ പ്രിയപ്പെട്ട അച്ചനപ്പച്ചൻ** 56

Mrs. ജിജി ജോസഫ് പുളിയൻകീഴ്

**The Loving Saintly Berchmansachan...** 59

Mr. P.V. Thomas, Bar Itho Kashiro, Pune

**പിതാക്കന്മാരോടു ചേർന്ന ബഥനിപിതാവ്** 63

ഫാ.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

**ബഥനിയ്ക്ക് ഒരു 'ബർക്കുമൻസ് മോഡൽ'** 69

ഫാ. ജിയോ പോൾ ഒ.ഐ.സി.

**കർമ്മ യോഗിയായ ബഥാനിയൻ** 71

ബ്രദർ അലൻ തോമസ് ഒ. ഐ. സി.

**ബഥനിയുടെ വചനോപാസകൻ** 74

ബ്രദർ അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.

**ഒരു യഥാർത്ഥ ബഥാനിയൻ....** 76

**കാലത്തെ പ്രകാശിപ്പിച്ച താപസവിളക്ക്** 78



## മുഖമൊഴി

പ്രിയപ്പെട്ട ബർക്കുമൻസ് അച്ചന്റെ നന്മകളാലും ചിന്തകളാലും ഓർമ്മകളാലും സജീവമാണ് ഈ ബഥനിശബ്ദം. ശബ്ദത്തിന്റെ ഉൾതാളുകളിൽ മുഴുവനും നിറഞ്ഞുനിൽക്കുന്നത് പ്രിയപ്പെട്ട അച്ചൻ തന്നെ. ചിന്തകൾ, ബന്ധങ്ങൾ, വാക്കുകൾക്ക് അപ്പുറം എന്നും ജീവിതത്തിൽ സജീവമാകുന്ന അനുഭവങ്ങൾ പങ്കുവച്ച് ശബ്ദത്തെ ധന്യമാക്കിയ ഏവർക്കും നന്ദി.

ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചനെയും ബഹുമാനപ്പെട്ട വിൻസെന്റ് അച്ചനെയും ബഥനിക്കു നൽകിയ കുടുംബാംഗങ്ങളെ അഭിമാനത്തോടെ, നന്ദിയോടെ ഓർക്കുന്നു. ഒരേ മാതാപിതാക്കന്മാരിൽ നിന്ന് ജനിച്ച് ബഥനിയിൽ ചേർന്നു പുരോഹിതരായി, കർമ്മംകൊണ്ടും, സാക്ഷ്യംകൊണ്ടും ജീവിതത്തിന്റെ ലാളിത്യംകൊണ്ടും, സമാനതകളില്ലാത്ത രീതിയിൽ ബഥനിയിലെ മുതിർന്ന അംഗങ്ങൾക്കും ഇളംതലമുറയ്ക്കും ഒരുപോലെ സമർപ്പണത്തിന്റെ പ്രയാണത്തിൽ തനതായ വെല്ലുവിളികൾ ഉയർത്തി കടന്നുപോയ ഈ രണ്ട് സമർപ്പിതരുടെയും ജീവിതസാക്ഷ്യത്തിന്റെ നന്മ മാതാപിതാക്കന്മാരുടെ ഒപ്പം കുടുംബത്തിന്റെ വിശ്വാസജീവിതത്തിന്റെ ശ്രേഷ്ഠത അല്ലാതെ മറ്റൊന്നും അല്ലല്ലോ. ബഥനി സന്യാസി സമൂഹത്തിൽ നിന്നും നിത്യതയിലേക്ക് ഒരു കുടുംബത്തിൽനിന്ന് യാത്രയായ പ്രിയ സഹോദരങ്ങളെ, നിങ്ങൾക്ക് ഈ ശതാബ്ദി വർഷത്തിൽ ഞങ്ങളുടെ ആദരവും, പ്രാർത്ഥനകളും! ഞങ്ങൾക്കുവേണ്ടി നിങ്ങളിരുവരും സ്വർഗ്ഗത്തിൽ മാദ്ധ്യസ്ഥം വഹിക്കും എന്ന സംതൃപ്തിയും സന്തോഷവും ഞങ്ങൾക്ക് ഏറെ അഭിമാനവും പ്രത്യാശയും നല്കുന്നു.

ഞാൻ ആശ്രമത്തിൽ അംഗമായ ആദ്യ നാല് വർഷങ്ങൾ ബഹു.ബർക്കുമൻസച്ചനെപ്പറ്റി വ്യക്തിപരമായി അറിവില്ലായിരുന്നു. എന്നാൽ പൂനാ പഠനഗൃഹത്തിൽ ആയിരുന്ന കാലം മുതൽ ബഹു. അച്ചൻ തിരുവല്ലായിൽ മരണത്തോട് മല്ലടിച്ച് സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ പ്രവേശിക്കുന്ന ധന്യമായ നിമിഷംവരെ ആഴത്തിലുള്ള

വ്യക്തിബന്ധം പുലർത്തിയിരുന്നു. അധികാരിയായി, അധീനനായി, അദ്ധ്യാപകനായി, സഹപ്രവർത്തകനായി, മിഷനറിയായി, നേതൃത്വ നിരയിൽ പങ്കുകാരനായി, ആദ്യകാലം അച്ചൻ തുടങ്ങിവച്ച നവീനമായ എല്ലാ സംരംഭങ്ങൾക്കും സാക്ഷിയായി (BVP ആണെങ്കിലും, BBS ആണെങ്കിലും, മിഷനുവേണ്ടിയുള്ള ഭാഷാപഠനമാണെങ്കിലും കാവിവസ്ത്രധാരണത്തിന്റെ പ്രചരണത്തിലാണെങ്കിലും ഒക്കെ) കറതീർന്ന, ആത്മാർത്ഥമായ, സമൂഹത്തിന്റെയും, മലങ്കര സഭയുടെയും വളർച്ച ഒന്നുമാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള അച്ചന്റെ ശുശ്രൂഷയിൽ ഉൾച്ചേരാനും, ധാരാളം നന്മകളുടെ പാഠങ്ങൾ പഠിക്കാനും കഴിഞ്ഞത് ഒരു വലിയ ഭാഗ്യമായി കരുതുന്നു. നയിച്ചതിന്, സഹായിച്ചതിന്, തിരുത്തിയതിന്, വളർത്തിയതിന് സമർപ്പണത്തിന്റെ ലാളിത്യവും സമർപ്പിതർക്ക് ആവശ്യമായ ജ്ഞാനവും നല്കി ഞങ്ങളെ ധന്യരാക്കിയ ജ്യേഷ്ഠസഹോദരാ.... വാക്കുകളിലൂടെ നന്ദി.

കലർപ്പില്ലാത്ത, വിട്ടുവീഴ്ചയില്ലാത്ത സമൂഹനിയമങ്ങളുടെ ആചരണത്തിൽ മായം കലർത്താത്ത, വ്രതബദ്ധമായ ജീവിതത്തിൽ സംതൃപ്തിയുള്ള ഉത്തമമായ അച്ചന്റെ ജീവിതം ബഥനിക്ക് ഉദാത്ത മാതൃക തന്നെ. അനന്യസാധാരണമായ രീതിയിൽ ബഥാന്യർക്ക് അനുയോജ്യമായ ജീവിതം നല്കി സ്വജീവിതത്തെ ത്യാഗംകൊണ്ടും, യാഗംകൊണ്ടും നിർമ്മലമാക്കിയ അച്ചനു നന്ദി. ബഥനിക്ക് അച്ചൻ നല്കിയ "ജീവിതപാഠങ്ങൾ" പഠനശിബിരിങ്ങൾ മാത്രമാകാതിരുന്നാൽ നല്ലത്. സകലതും ആർത്തിയോടെ സ്വന്തമാക്കാനും അനുഭവിക്കാനും അതാഘോഷിച്ച് അതാണ് സന്യാസം എന്ന് ഉദ്ഘോഷിക്കാനും അംഗീകരിപ്പിച്ച്, സ്ഥിരീകരിച്ച്, വിജയം ആഘോഷിച്ച് അതിരുകടന്ന് ജീവിക്കുന്ന ഇക്കാലഘട്ടത്തിൽ ഒന്നുമില്ലായ്മയാണ്, ത്യാഗമാണ്, യാഗമാണ്, പ്രാർത്ഥനയാണ്, നിയമപാലനമാണ് അധികാരികളെ അനുസരിക്കുന്നതും ബഹുമാനിക്കുന്നതും വ്രതബദ്ധ ജീവിതം നയിക്കുന്നതുമാണ് സന്യാസസമർപ്പണം എന്ന് ഞങ്ങളെ പഠിപ്പിച്ച് കടന്നുപോയ ബഥനിയുടെ സന്യാസശ്രേഷ്ഠാ അങ്ങേയ്ക്ക് നന്ദി. 36 വർഷങ്ങൾക്കു മുമ്പ് ഞങ്ങളെ പഠിപ്പിച്ച വി.കുർബാനയുടെ, സഭാശാസ്ത്രത്തിന്റെ, വിശുദ്ധ ഗ്രന്ഥത്തിന്റെ തനിമയാർന്ന അടിസ്ഥാനപാഠങ്ങൾ വിസ്മരിച്ച് വളച്ചൊടിച്ച് കാര്യസാധ്യത്തിനുവേണ്ടി അച്ചന്റെ ദർശനങ്ങളെ വികലമാക്കിയതിന് എനിക്കും എന്റെ പിൻതലമുറയ്ക്കും മാപ്പു നൽകിയാലും... ആത്മാവ് നിത്യതയിൽ ആയിരിക്കുമെന്നതിൽ സന്തോഷം...

സ്നേഹത്തോടെ

**ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

# കൃത്യസമയത്ത് ഭക്ഷണം നൽകിയ ഭൃത്യൻ...

**റവ.ഫാ.ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

"തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം നൽകാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ" (മത്താ 24:45-46).

വന്ദ്യനായ ബർക്കുമൻസച്ചനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായ വാക്കുകളാണ് സുവിശേഷത്തിലെ ഈ വരികൾ. തന്റെ ഭവനത്തിലുള്ളവരെ തിരിച്ചറിഞ്ഞ് കൃത്യസമയത്ത് ആവശ്യമുള്ള ഭക്ഷണം കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധബദ്ധാലുവായിരുന്നു. ബഥനി സമൂഹത്തിനും മലങ്കര കത്തോലിക്കാ സഭയ്ക്കും ആഗോള സഭയ്ക്കും അദ്ദേഹം കൊടുത്ത വലിയ ശുശ്രൂഷകൾ ഒരുനാളും മാഞ്ഞുപോകുന്നതല്ല. 66 വർഷത്തെ നീണ്ട ആശ്രമജീവിതത്തിലൂടെ ഒരു സന്യാസിയുടെ പൂർണ്ണലാളിത്യത്തോടും, ഒരു പുരോഹിതന്റെ പവിത്രതയോടും ഒരു ജ്ഞാനിയുടെ ദർശനത്തോടും അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു.

**ഉത്തമനായ സന്യാസി**

ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീര്യർ ജനറലായും റെക്ടറായും, സുപ്പീര്യറായും, ബഥനി വേദവിജ്ഞാനപീഠ ഡയറക്ടറായും സേവനമനുഷ്ഠിച്ച ബർക്കുമൻസച്ചൻ സന്യാസ നിഷ്ഠയുടെയും, ജീവിതത്തിന്റെയും കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത വ്യക്തിത്വമായിരുന്നു. ഒരു സന്യാസി എത്രമാത്രം എളിയവനായി ജീവിക്കാം എന്ന് അദ്ദേഹം നമുക്ക് കാണിച്ചുതന്നു. ദീർഘകാലത്തെ വിദേശപഠനം, വിദേശയാത്രകൾ, സമ്പാദിച്ച ഡിഗ്രികൾ, ലഭിക്കാവുന്ന പദവികൾ ഇവയിലൊന്നും ജീവിതം ഉടക്കിനിൽക്കാതെ സന്യാസത്തിന്റെ ലാളിത്യത്തിലും, പ്രാർത്ഥനയിലും ആ ജീവിതം സംതൃപ്തി കണ്ടെത്തി. അച്ചനെ തൊട്ടറിഞ്ഞവരെല്ലാം ആ ജീവിതത്തിന്റെ എളിമയും വലിപ്പവും അറിഞ്ഞവരാണ്. സന്യാസത്തിലെ കർക്കശമായ നിലപാടുകൾ പലപ്പോഴും  സാന്ദർഭികമായി ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും അത്യന്തികമായും വ്യക്തിജീവിതങ്ങളെയും സന്യാസസമൂഹ

ത്തിന്റെ പവിത്രതയെയും ബലപ്പെടുത്താൻ അദ്ദേഹത്തിന്റെ സന്യാസത്തിന് സാധിച്ചു. സമൂഹത്തിന്റെ വളർച്ചയിലും രൂപപ്പെടുത്തലിലും അദ്ദേഹം ചെയ്ത സംഭാവനകൾ വളരെ വലുതാണ്. 1980-ൽ മലങ്കര കത്തോലിക്കാസഭ കോട്ടയത്തുവച്ച് പുനരൈക്യജൂബിലി ആഘോഷിച്ചപ്പോൾ ബഥനി ജനറലേറ്റിന്റെ നേതൃത്വം വളരെ ശക്തമായിരുന്നു. ബഥനിയിലെ ശെമ്മാശന്മാരെ പ്രത്യേക ഭാഷകളും വിഷയങ്ങളും പഠിക്കാനും ഒരു മിഷൻ സ്പിരിറ്റ് ശെമ്മാശന്മാരുടെ ഇടയിൽ നിലനിർത്താനും അദ്ദേഹത്തിനു സാധിച്ചു. ബഥനിയിലെ പ്രവർത്തനങ്ങളെ സാധാരണക്കാരന്റെ ശുശ്രൂഷയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ ഗ്രാമപ്രദേശങ്ങളായ നൂജിബാൽത്തിലായിലെയും റാന്നിയിലെയും സ്കൂളുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. കർണ്ണാടക പ്രദേശങ്ങളിൽ ബഥനി സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകുന്നതിന് അവിടെയുള്ള വൈദികരിലൂടെ അദ്ദേഹം നേതൃത്വം നൽകി.

**ശ്രേഷ്ഠനായ പുരോഹിതൻ**

കർത്താവിന്റെ അൾത്താരയോട് ജീവിതം ചേർത്തുവയ്ക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത. 'പുരോഹിതൻ അധരങ്ങളിൽ ജ്ഞാനമുള്ളവനായിരിക്കണ'മെന്ന് പ്രവാചകൻ ഉത്ഘോഷിക്കുമ്പോൾ പൗരോഹിത്യ ശുശ്രൂഷയിൽ അറിവിന്റെയും ജ്ഞാനത്തിനും അതീതമായി കർത്താവിന്റെ അൾത്താരയിലുള്ള പൂർണ്ണമായ സമർപ്പണമാണ് പൗരോഹിത്യത്തിന്റെ ആഴമെന്ന് അദ്ദേഹം നമുക്ക് കാണിച്ചുതന്നു. വാർദ്ധക്യത്തിന്റെ അവസാനത്തിൽ ഓർമ്മകൾ നഷ്ടപ്പെടുമ്പോഴും അദ്ദേഹം നിരന്തരം ആവർത്തിച്ച ചോദ്യം നമ്മൾ ഇപ്പോൾ കുർബാന ചൊല്ലുകയല്ലേ. അസ്തമിക്കാറായ ആ മനസ്സിൽ കർത്താവിന്റെ ബലിയും അവന്റെ അൾത്താരയും സജീവമായിരുന്നു.

തന്റെ പൗരോഹിത്യത്തെ മാത്രമല്ല തന്റെ സന്ന്യാസ സഭയിലെയും മലങ്കര സഭയിലെയും വൈദികർ സഭയുടെ പാരമ്പര്യമനുസരിച്ച് പരിശീലിക്കപ്പെടണമെന്നും അതിനുവേണ്ട സംവിധാനങ്ങൾ ക്രമീകരിക്കണമെന്നും അദ്ദേഹം എന്നും അഭിപ്രായപ്പെട്ടിരുന്നു. മലങ്കരസഭയ്ക്ക് തനതായ ഒരു സെമിനാരി വേണമെന്നും മലങ്കര സഭയുടെ പാരമ്പര്യങ്ങൾ ജീവിക്കയും പരിശീലിക്കുകയും ചെയ്യാനുള്ള സംവിധാനം ആവശ്യമാണെന്നും അദ്ദേഹമാണ് ആദ്യമായി

ആവശ്യപ്പെട്ടത്. 1984-ൽ പൂനാ ജ്ഞാനദീപവിദ്യാപീഠത്തോടു ചേർത്തു ബഥനി ആശ്രമത്തിന് അതിന്റേതായ ഒരു Institute (BVP) സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ഒരേസമയം തന്നെ പാശ്ചാത്യ പൗരോഹിത്യ പരിശീലനം മനസ്സിലാക്കുവാനും അതേ സമയം പൗരസ്ത്യ സഭയുടെ പ്രത്യേകമായ വിശ്വാസവും ദൈവശാസ്ത്രവും പ്രാർത്ഥനകളും പരിശീലിക്കുവാനുമുള്ള അവസരം അദ്ദേഹം സൃഷ്ടിച്ചു. തന്റെ ജീവിതത്തിന്റെ സായംകാലത്തും മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മികപിതാവിന്റെ സ്ഥാനം വഹിച്ചുകൊണ്ട് മലങ്കരസഭയുടെ വൈദിക പരിശീലനത്തിൽ അദ്ദേഹം മുഴുകി. എന്നും വൈദികരെ സ്നേഹിക്കുകയും വൈദികരെ ബലപ്പെടുത്തുകയും ചെയ്ത വന്ദ്യനായ ഒരു ബഥാന്യനാണ് ബഹു.ബർക്കുമൻസച്ചൻ.

**തീക്ഷ്ണമതിയായ മിഷനറി**

1980-ൽ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട ബർക്കുമൻസച്ചന്റെ തീരുമാനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു ബത്തേരിരൂപതയുടെ ഭാഗമായ സൗത്ത് കാനറാ മിഷൻ ഏറ്റെടുക്കുക എന്നത്. ബഥനിയിലെ ശെമ്മാശന്മാരെ കർണ്ണാടകയിൽവിട്ട് കന്നഡ പഠിപ്പിച്ച് മിഷനിലേക്ക് അയയ്ക്കുവാൻ അദ്ദേഹം തീവ്ര പരിശ്രമം ചെയ്തു. ബഥനി വൈദികരുടെ സേവനത്താൽ പിൽക്കാലത്ത് പുത്തൂർ രൂപതയായി ഈ ഭൂപ്രദേശം വളർന്നു.

1986-ൽ പൂനാ-ബോംബെയിലേക്ക് കുടിയേറിയ ബർക്കുമൻസച്ചൻ പല മിഷൻപ്രദേശങ്ങളും സന്ദർശിക്കയും മലങ്കര സമൂഹത്തെ ഒന്നിച്ചുകൂട്ടുവാൻ പരിശ്രമിക്കയും ചെയ്തു. ക്രമേണ ETRI (Extra Territorial Region of India) എന്ന ഒരു സഭാക്രമീകരണം ഉണ്ടാവുകയും ബഹു.ബർക്കുമൻസച്ചൻ അതിന്റെ പ്രഥമ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുകയും ചെയ്തു. ഭാരതത്തിലുടനീളം അദ്ദേഹം സഞ്ചരിക്കയും സഭാവിശ്വാസികളെ കാണുകയും അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്തു. 2015-ൽ ഡൽഹി കേന്ദ്രമായ ഗുഡ്ഗാവ് രൂപതയും കിർക്കി എക്സാർക്കേറ്റും സഭ അനുവദിച്ചു തന്നപ്പോൾ അത് ബർക്കുമൻസച്ചൻ അടിസ്ഥാനമിട്ട അടിത്തറമേലാണ് നിലവിൽ വന്നത് എന്നുള്ളതും അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനത്തിന്റെ നേർസാക്ഷ്യമാണ്.

## വിശ്വാസപരിശീലകൻ

പി.ഒ.സി. ബൈബിൾ തുറന്നു നോക്കുമ്പോൾ ആദ്യം കാണുന്ന നാമം ബഹു.ബർക്കുമൻസച്ചന്റേതാണ്. ദൈവവചനം മനുഷ്യരോട് പങ്കുവയ്ക്കാൻ അദ്ദേഹത്തിന്റെ ഒമ്പതു വർഷത്തെ താപസപൂർണ്ണമായ പഠനവും നാലു വർഷത്തെ വിശ്രമരഹിതമായ വിവർത്തനവും കാഴ്ചവച്ചു. അനേകലക്ഷങ്ങൾക്ക് ദൈവവചനം കൈ എത്തി പിടിക്കുവാൻ തക്കവണ്ണമുള്ള ഒരു സാഹചര്യമൊരുക്കി അദ്ദേഹം സഭയെ ശുശ്രൂഷിച്ചു.

മലങ്കരയിലെ കുഞ്ഞുങ്ങളെയും, യൗവ്വനക്കാരെയും വിശ്വാസ പരിശീലനത്തിന് ഉതകുന്ന ബൈബിൾക്യാമ്പ് തുടങ്ങിവച്ചത് അദ്ദേഹമാണ്. 1984-ൽ പൂനാ ബഥനി വേദവിജ്ഞാനപീഠത്തോടു ചേർത്ത് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ അവധിക്കാലങ്ങളിൽ തുടങ്ങിയ ബി.ബി.എസ്. (ബഥനി ബൈബിൾ സ്റ്റഡീസ്) ആണ് വ്യത്യസ്ത രൂപങ്ങളിലും നാമങ്ങളിലും മലങ്കര സഭയിൽ നിലകൊള്ളുന്നത്. വിശ്വാസം എപ്പോഴും പരിശീലിപ്പിക്കപ്പെടേണ്ടതാണ് എന്ന് അദ്ദേഹം ശഠിച്ചിരുന്നു. ദൈവത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവർ അതിനു നേതൃത്വം കൊടുക്കണമെന്നും അദ്ദേഹത്തിന് നിർബന്ധമായിരുന്നു.

തന്റെ ജീവിതത്തിന്റെ സായംകാലത്ത് അദ്ദേഹം വലിയ ഒരു ശുശ്രൂഷയിലായിരുന്നു. മലങ്കര മക്കൾ ലോകത്തിന്റെ നാനാഭാഗത്തും പോയി ജീവിക്കുമ്പോൾ തങ്ങളുടെ വിശ്വാസത്തെയും ആരാധനാ പാരമ്പര്യത്തെയും അവർക്കു മനസ്സിലാകുന്ന ഭാഷയിൽ നൂറ് പാഠങ്ങളായി തിരിച്ച് അവതരിപ്പിക്കാനുള്ള പരിശ്രമത്തിലായിരുന്നു. അധികം താമസിയാതെ ആ പരിശ്രമം വെളിച്ചം കാണും, അതു സഭയെ ബലപ്പെടുത്തും എന്നുള്ളതിന് സംശയമില്ല.

ബഹു.ബർക്കുമൻസച്ചന്റെ ജീവിതം ഒരു ബഥാനിയൻ എന്നുള്ള നിലയിൽ പകരം വയ്ക്കാൻ പറ്റാത്ത ഒന്നാണ്. അദ്ദേഹത്തിനു ലഭിച്ച ഓരോ അവസരങ്ങളും ഉപയോഗിച്ച് അദ്ദേഹം വളർന്നു. തന്റെ വളർച്ചയോടൊപ്പം തന്റെ സമൂഹത്തെയും തന്റെ സഭയെയും അദ്ദേഹം ബലപ്പെടുത്തി. ബഥനിയിലെ സന്യാസജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിച്ച് ലാളിത്യത്തോടെ ആ മരണംപോലും ഒരു സഹനബലിയായി തീർത്ത് അദ്ദേഹം ദൈവത്തോടു ചേർന്നു. വലിയ ആദരവോടും ബഹുമാനത്തോടും കണ്ണുനീരോടുംകൂടെ ബഥനി മക്കളുടെ പ്രണാമം!

# മായാത്ത ഒരു പുഞ്ചിരിയുടെ ഓർമ്മ...

**റവ. ഫാ.ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രോവിൻസ്

ബഥനിയുടെ ചരിത്രത്തിൽ സ്വകീയമായ ജീവിതശൈലി കൊണ്ടും നിലപാടുകൾകൊണ്ടും സ്വന്തമായ ഒരിടം രേഖപ്പെടുത്തിയ ബഹുമാന്യനായ സന്ന്യാസ വൈദികനായിരുന്നു ബഹു.ബർക്കുമാൻസച്ചൻ. ബഥനി സമൂഹാദ്ധ്യക്ഷൻ എന്ന നിലയിലും പൂനാ ബഥനി വേദവിജ്ഞാനപീഠം എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുകയും, ബഥനി ബൈബിൾ സ്റ്റഡീസ് (BBS) രൂപീകരിക്കുകയും, കർണ്ണാടക മിഷൻ എന്ന സംരംഭം തുടങ്ങിവയ്ക്കുകയും, ബാഹ്യകേരളമിഷൻ കോർഡിനേറ്റർ എന്ന ശുശ്രൂഷ തീവ്രമായ സഭാസ്നേഹത്തോടെ നടത്തുകയും, മലങ്കര മേജർ സെമിനാരിയിലെ ആത്മീയപിതാവായി ശുശ്രൂഷ ചെയ്യുകയും ചെയ്ത ബഥാന്യൻ എന്ന നിലയിലും വളരെയേറെ വ്യത്യസ്തതകൾ ഉള്ള ഒരു വേറിട്ട വ്യക്തിത്വമായിരുന്നു ബർക്കുമാൻസച്ചന്റേത്. ഏത് പ്രായത്തിലുള്ളവരുമായും, അധികാരസ്ഥാനങ്ങളിലോ സാധാരണക്കാരോ ആയ വ്യക്തികളുമായും അനായാസേന ഇടപഴകുവാനും സൗഹൃദം സ്ഥാപിക്കാനും അച്ചന് കഴിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ എല്ലാ അർത്ഥത്തിലും അച്ചൻ ജനകീയനായിരുന്നു. എന്നാൽ അതേ സമയം സ്വന്തം ബോധ്യങ്ങളും നിലപാടുകളും ആദർശങ്ങളും വിട്ടുവീഴ്ചയില്ലാത്ത കാർക്കശ്യത്തോടെ സംരക്ഷിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഉറച്ച നിലപാടുകൾ മുഖം നോട്ടമില്ലാതെ പറയുന്നവർ സ്വന്തമാക്കുന്ന എതിർപ്പുകൾ അച്ചനെയും ബുദ്ധിമുട്ടിലാക്കുന്ന അവസരങ്ങളിൽ പോലും സഹജമായ നർമ്മബോധത്തിന്റെ ചിരിക്കൂട്ട് ചാലിച്ച് സംഘർഷങ്ങളെ നേരിടുന്നതിൽ വല്ലാത്ത ഒരു വൈഭവം തന്നെ അച്ചനുണ്ടായിരുന്നു.

സംഗീതജ്ഞനും ചിന്തകനുമായ Nicole Scherzinger- ടെ വാക്കുകൾ ബർക്കുമാൻസച്ചന്റെ വ്യക്തിത്വത്തെ നമ്മെ ഓർമ്മിപ്പിക്കും. "I love a man with great sense of humour and who is intelligent - a man who has a great smile. He has to make me laugh.

I like a man who is very ambitious  and driven and who has got good heart and make me feel safe. I like a man who is very strong and independent and confident but at the same time, he is very kind to people.”  ബർക്കുമാൻസച്ചൻ ഇടപഴകുന്നവരെല്ലാം  അച്ചനെ ഇഷ്ടപ്പെടുന്നതും, ഓർമ്മിക്കുന്നതും നിക്കോളിന്റെ ഈ വാക്കുകൾ അച്ചന്റെ വ്യക്തിത്വത്തിൽ  അക്ഷരം പ്രതി നിറവേറിയതുകൊണ്ടാണ് എന്ന് തോന്നിപ്പോവുന്നു.

Name of the Rose എന്ന വിശ്വവിഖ്യാതമായ തന്റെ പുസ്തകത്തിൽ Umberto Eco എന്ന തത്വചിന്തകൻ, പറയുന്നത് ഒരു ചിന്തകൻ, തീവ്രവാദിയായി പരിണമിക്കാതിരിക്കണം എങ്കിൽ അയാൾക്ക് ഒരു ഗുണം ഉണ്ടായിരിക്കണം. “സത്യത്തെ നോക്കിച്ചിരിക്കാനും, സത്യത്തെ ചിരിപ്പിക്കാനും സാധിക്കണം...” ഈ വാക്കുകളുടെ അർത്ഥം വിശദീകരിക്കണം എങ്കിൽ എത്രയോ പേജുകൾ നീളുന്ന  വ്യാഖ്യാനം എഴുതണം. എന്നാൽ ബർക്കുമാൻസച്ചൻ തന്റെ ജീവിതം കൊണ്ട് ഈ ദർശനത്തെ വളരെ ലളിതമായി ആവിഷ്ക്കരിച്ചു എന്ന് ഈ ഓർമ്മക്കുറിപ്പിൽ പറഞ്ഞുവക്കുവാൻ മാത്രം ആണ് ഞാനാഗ്രഹിക്കുന്നത്.

ഇക്കഴിഞ്ഞ സിനാക്സിസിൽ പോലും പ്രായാധിക്യത്തേയും കേൾവിക്കുറവിനെയും അനാരോഗ്യത്തെയും വെല്ലുവിളിച്ച് സജീവസാന്നിദ്ധ്യമായി  അച്ചൻ നിലകൊണ്ടതും നമ്മുടെ ഓർമ്മയിൽ നിന്ന് മാഞ്ഞ് പോയിട്ടില്ലല്ലോ.

ബഥനിയുടെ ചരിത്രത്തിൽ പകരക്കാരനില്ലാത്തവണ്ണം സ്വതസിദ്ധമായ ശൈലിയിൽ തന്റേതായ  ഇടം കണ്ടെത്തുകയും സ്വാധീനം ചെലുത്തുകയും ചെയ്ത ഈ ബഥാന്യന്റെ ഓർമ്മകൾക്ക് മുൻപിൽ ആദരപൂർണ്ണമായ പ്രണാമം.

> *“നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത്”*
>
> *(മത്താ. 24:44)*

# ഓർമ്മകളിൽ നിറയുന്ന ബർക്കുമൻസ് അച്ചൻ

**റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജീവൻ പ്രൊവിൻസ്

പ്രിയപ്പെട്ട ബർക്കുമൻസ് അച്ചൻ ഓർമ്മയായി. ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചനെക്കുറിച്ചുള്ള അനുഭവങ്ങളും ഓർമ്മകളും ഓരോരുത്തരിലും വ്യത്യസ്തമാണ്. കണ്ടുമുട്ടിയവരും സൗഹൃദം പങ്കിട്ടവരും ഒരുപോലെ സ്വന്തമാക്കിയ ഒരു പ്രയോഗമാണ് "ഞങ്ങളുടെ ബർക്കുമെൻസ് അച്ചൻ.'' പ്രത്യേകിച്ച് കേരളത്തിന് പുറത്ത്, ഭാരതത്തിൽ മലങ്കര സഭമക്കൾ ഒന്നിച്ചുകൂടിയ ഇടങ്ങളിലെല്ലാം ഒഴിച്ചു കൂടാനാവാത്ത ഒരു മിഷനറിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതാണ് "ഞങ്ങളുടെ ബർക്കുമാൻസ് അച്ചൻ."

## കല്ലൂപാറയിലെ കുര്യാക്കോസ്

1934 ഡിസംബർ 29-ാം തീയതി കല്ലൂപാറയിൽ നിന്നാരംഭിച്ച ജീവിതം, 2018 സെപ്റ്റംബർ 9-ാം തീയതി അവസാനശ്വാസം നിലക്കുവോളം കർമ്മ നിരതമായിരുന്നു. മാതാപിതാക്കളിൽ നിന്ന് (വർഗ്ഗീസ്-അന്നമ്മ ദമ്പതികൾ) കണ്ടുംകേട്ടും അനുഭവിച്ചും പഠിച്ചെടുത്ത ബാലപാഠങ്ങൾ ദൈവത്തെയും മനുഷ്യനെയും തേടിയിറങ്ങിയ സന്യാസ ജീവിതത്തിന് ശക്തമായ അടിത്തറ പാകി. കടമാൻകുളത്തെ തിരുഹൃദയ ദേവാലയവും അൾത്താരയും ബാലമനസ്സിൽ കുറിച്ചിട്ട സഭാ സ്നേഹവും ആരാധനയോടുള്ള ഭക്തിയും അനുദിനം വളർത്തുന്നതിലും കൈമാറ്റം ചെയ്യപ്പെടുന്നതിലും ഈ സന്യാസ ശ്രേഷ്ഠൻ ശ്രദ്ധാലുവായിരുന്നു.

## ബഥനിയിലേക്കുള്ള വിളി

വർഗ്ഗീസ്-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ച്, കുര്യാക്കോസ് എന്ന നാമധേയത്തിൽ വളർന്നുവന്ന ബാലൻ, 1952 ൽ തിരുവല്ല ബഥനി ആശ്രമത്തിൽ അംഗമായി. വ്രതബദ്ധ സന്യാസ ജീവിതത്തിന്റെ ബാലപാഠങ്ങൾ പൂർത്തിയാക്കി നല്ല ഇടയനായ യേശുനാഥനെ പിൻചെല്ലുവാനുള്ള തന്റെ തീരുമാനം ഏറ്റു പറഞ്ഞ് 1963 ൽ സന്യാസ

പൗരോഹിത്യജീവിതം ആരംഭിച്ചു. ആശ്രമ പ്രൊകുറേറ്റർ, സുപ്പീരിയർ, സെമിനാരി റെക്ടർ തുടങ്ങി, ബഥനി ആശ്രമാദ്ധ്യക്ഷൻ എന്ന തലം വരെ എത്തിനില്ക്കുന്ന അദ്ദേഹത്തിന്റെ ജീവിതം ബഥനിയ്ക്കും മലങ്കര സഭയ്ക്കും പൊതു സമൂഹത്തിനും വേണ്ടി പൂർണ്ണമായും മാറ്റി വയ്ക്കപ്പെട്ടതായിരുന്നു.

**അക്ഷരങ്ങളുടെ കൂട്ടുകാരൻ**

തന്റെ ജോലിതിരക്കിനിടയിലും അക്ഷരങ്ങളെയും പുസ്തക ങ്ങളെയും അച്ചൻ ഏറെ സ്നേഹിച്ചിരുന്നു. വായനയുടെ ലോകം നഷ്ട പ്പെടുന്ന യുവ തലമുറയെക്കുറിച്ച്, പ്രത്യേകിച്ച് യുവ വൈദികരെക്കുറിച്ച് ഏറെ ആകുലതയോടെയാണ് അദ്ദേഹം എപ്പോഴും സംസാരിച്ചിരുന്നത്. ആശ്രമങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗ്രന്ഥാലയ ങ്ങളിലെ തുറക്കപ്പെടാത്ത പുസ്തകങ്ങളുടെ നൊമ്പരം തന്റെ സംസാര വേളയിൽ അദ്ദേഹം പങ്കുവയ്ക്കാറുണ്ടായിരുന്നു.

പൂന ബഥനി സ്കൊളാസ്റ്റിക്കേറ്റിലെ ഇന്നു കാണുന്ന ഗ്രന്ഥാലയ ത്തിന്റെ ആദ്യ ചിന്താ ബീജം മുതൽ ഇന്നു കാണുംവിധം വളർച്ച എത്തുവോളം അതിനെ അനുധാവനം ചെയ്തിരുന്ന ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചൻ പുസ്തകങ്ങളെ സ്നേഹിക്കാൻ പഠിപ്പിച്ച ഗുരുനാഥനായിരുന്നു. പൂനാ ലൈബ്രറിയിലെ നിശബ്ദതയിൽ പുസ്തകങ്ങൾ വായിക്കുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തിരുന്ന ബർക്കുമാൻസ് അച്ചനെ സ്നേഹപൂർവ്വം ഓർക്കുന്നു. ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ തിരുവനന്തപുരം മേജർ സെമിനാരിയിൽ ആദ്ധ്യാത്മികഗുരുവായി സേവനം ചെയ്യുമ്പോഴും തന്റെ ഇടവേളകളെ അർത്ഥപൂർണ്ണമാക്കിയത് ജീവിതത്തിൽ കെടാതെ കാത്തുസൂക്ഷിച്ച വായനയോടുള്ള പ്രതിബദ്ധതയാണ്.

**ആടുകളുടെ ഗന്ധമുള്ള ഇടയൻ**

നല്ല ഇടയനെക്കുറിച്ചുള്ള ഗൃഹപാഠങ്ങൾ തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. ആടുകളെ തേടി ഇറങ്ങി, ചുമലിലേറ്റി, തന്റെ കൂടാരത്തിലേക്ക് മടങ്ങുന്ന അജപാലകൻ. കേരളത്തിന് പുറത്ത്

ജീവിതത്തിന്റെ സ്വപ്നപൂർത്തീകരണവും അന്നവും തേടി യാത്ര തിരിച്ച ഒരു കൂട്ടം മനുഷ്യരെ അവരുടെ ഇടങ്ങളിൽ തേടിചെന്ന ഒരു ഉത്തമ മിഷനറിയായിരുന്നു ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചൻ. പ്രത്യേകിച്ച്, ബോംബെ, പൂനാ, നാസിക്ക്, ഹൈദ്രാബാദ്, സെക്കന്തരാബാദ് മേഖലകളിലെ വഴികളും ഇടവഴികളും മനഃപാഠമായത്, അദ്ദേഹം എന്നും ഹൃദയത്തിൽ കാത്തു സൂക്ഷിച്ചിരുന്ന മിഷനറി തീക്ഷണതയാലാണ്.

ഇന്നു കാണുന്ന ബാഹ്യകേരള സഭാ കൂട്ടായ്മകളുടെ വളർച്ചയുടെ പിന്നിൽ ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചന്റെ ശക്തമായ പ്രവർത്തനങ്ങളും നേതൃത്വപാടവും ഉണ്ടായിരുന്നു. തന്റെ മിഷൻ പ്രവർത്തനങ്ങൾക്ക് സഭ കൊടുത്ത അംഗീകാരമായിരുന്നു മലങ്കര മിഷൻ (ETRI) കോ-ഓർഡിനേറ്ററായി അദ്ദേഹത്തിന് കൊടുത്ത നിയമനം. മലങ്കരയുടെ ആരാധനാഗീതങ്ങളും മലങ്കരയുടെ സാന്നിധ്യവും കേരളത്തിന് പുറത്ത്, പ്രത്യേകിച്ച് നോർത്ത് ഇന്ത്യയിൽ വ്യാപകമായി എത്തപ്പെട്ടതിന്റെ മുൻനിരയിൽ ഒരു പ്രവാചക ശബ്ദത്തോടെ ബർക്കുമൻസ് അച്ചൻ ഉണ്ടായിരുന്നു എന്നു പറയുന്നതിൽ നമുക്ക് അഭിമാനിക്കാം.

**എല്ലാവർക്കും പ്രിയങ്കരനായിരുന്ന ബർക്കുമൻസ് അച്ചൻ**

ബഥനിയുടെയും മലങ്കരയുടെയും സാനിദ്ധ്യമായി എവിടെയും എത്തപ്പെടുന്ന ബർക്കുമൻസ് അച്ചൻ ഏവർക്കും സ്വീകാര്യനായിരുന്നു. ജീവിതത്തിൽ കാത്തു സൂക്ഷിച്ചിരുന്ന ബഥാന്യൻ ആദ്ധ്യാത്മികതയും മലങ്കര സഭയോടുള്ള ആഴമേറിയ വിശ്വസ്തതയും പൊതു ഇടങ്ങളിൽ അദ്ദേഹത്തെ വ്യത്യസ്തനാക്കി. റോമിലെ Biblicum സർവ്വകലാശാലയിൽ നിന്നും വിശുദ്ധ പുതിയനിയമത്തിൽ നേടി എടുത്ത ജ്ഞാനവും സഭാശാസ്ത്രത്തിലെ അഗാധമായ അറിവുകളും തന്റെ സഭാ പ്രതിബദ്ധതയ്ക്കും സംവാദങ്ങൾക്കും ബലം നല്കി. വിജ്ഞാനത്തിന്റെ വഴികളിൽ ഔന്നത്യത്തിൽ ആയിരിക്കുമ്പോഴും മനുഷ്യനെ തേടി ഇറങ്ങുന്ന നല്ല ഇടയന്റെ മനസ്സ്, ഒരു ബഥാന്യനിൽ ഉണ്ടാകേണ്ട ലാളിത്യ മനോഭാവമായിരുന്നു. ആ ജീവിതത്തിന് ആടുകളുടെ ഗന്ധമുണ്ടായിരുന്നു.

## POC ബൈബിളിലെ ബഥാന്യൻ സാന്നിധ്യം

POC മലയാളം ബൈബിളിന്റെ ഭാഷാപരിവർത്തന വേളയിൽ KCBC ബൈബിൾ കമ്മീഷനോട് ചേർന്നുള്ള പ്രവർത്തനങ്ങളിൽ ബഥാന്യൻ സാന്നിധ്യം ഉണ്ടായിരുന്നു. അസോസിയേറ്റ് എഡിറ്റേഴ്സിന്റെ കൂട്ടത്തിൽ കാണപ്പെടുന്ന Rev. Dr. John Berchmans OIC യും Collaborators ആയി പ്രവർത്തിച്ചവരുടെ നിരയിൽ കാണുന്ന Rev. Dr. Placid OIC യും കേരള സഭയുടെ ഒരു പ്രധാന മിഷനായ ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളോട് ചേർന്ന് വിലപ്പെട്ട സംഭാവനകൾ നൽകിയ രണ്ട് ബഥനി വൈദീകരായിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ ഡോക്ടറേറ്റു നേടിയ ബഹുമാനപ്പെട്ട ബർക്കുമാൻസ് അച്ചന്റെ സേവനം കേരള സഭ എന്നും നന്ദിയോടെ ഓർക്കുന്നു.

## ഇനി ഓർമ്മകളിൽ

2018 സെപ്റ്റംബർ 9-ാം തീയതി സഭയ്ക്കുവേണ്ടി സ്പന്ദിച്ചിരുന്ന ബഥനിയുടെ ആ ഹൃദയ താളം നിലച്ചു. അവസാന താളം വരെയും ദൈവം തന്നെ ഭരമേൽപിച്ച താലന്തുകൾ നൂറുമടങ്ങായി തിരികെ നല്കാൻ പരിശ്രമിച്ച ഈ സന്യാസ വര്യൻ ഇനി ഓർമകളിൽ ജീവിക്കും. ആ ജീവിതത്തിൽ കണ്ടെത്തിയ, സ്വീകരിക്കുവാനാകുന്ന നന്മകളൊക്കെയും നമുക്ക് സ്വന്തമാക്കാൻ പരിശ്രമിക്കാം. ബഥനിയിലെ ഗുരുശ്രേഷ്ഠാ സമാധാനത്താലെ പോവുക.

> "We have lost a great soul... a great treasure ...
> God grant eternal peace and reward to ur priest...
> The one who inspired me, guided me,
> played as a child and led as a philosopher.
> I miss him and it's difficult to believe."

# ഒരു നാൾവഴി...

**റവ. ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി**
ദയറാ സുപ്പീരിയർ, തിരുവല്ല

പെരിയ ബഹുമാനപ്പെട്ട ബർക്കുമാൻസ് അച്ചൻ 1934 ഡിസംബർ 29-ാം തീയതി (29.12.1934) കല്ലൂപ്പാറ സേവ്യർവിലാസം വീട്ടിൽ വർഗ്ഗീസിന്റെയും അന്നമ്മയുടേയും മകനായി ജനിച്ചു. കുര്യാക്കോസ് എന്നായിരുന്നു മാമോദീസാ നാമം. ഇരവള്ളിപ്ര (Eravallipra) സെന്റ് തോമസ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ 1952ൽ തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്നു. 1955-ൽ ആദ്യവ്രതവും 1960-ൽ നിത്യവ്രതവും ചെയ്ത അദ്ദേഹം പൂനെ, പൊന്റിഫിക്കൽ അത്ത നേയത്തിൽ വൈദികപഠനം പൂർത്തിയാക്കി. 1963-ൽ പൂനെ, പേപ്പൽ സെമിനാരിയിൽവച്ച് അന്നത്തെ പൂനെ ബിഷപ്പ് ആൻഡ്രൂ ഡിസൂസയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. പട്ടാഭിഷേകത്തിനു ശേഷം ഒരു വർഷക്കാലം പൂനെ ബഥനി ആശ്രമത്തിന്റെ പ്രൊക്യുറേറ്റർ ആയി സേവനം അനുഷ്ഠിച്ചു. തുടർന്ന് 1965-ൽ ബൈബിൾ ഉപരിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. ഏതാണ്ട് 9 വർഷക്കാലം റോമിലെ “Biblicum’ൽ പഠിച്ച് സെന്റ് ലൂക്കിൽ ഡോക്ടറേറ്റ് പ്രശസ്തമാം വിധം നേടി 1974-ൽ തിരികെ എത്തി.

തുടർന്നുള്ള മൂന്നുവർഷക്കാലം പൂനാ സ്കൊളാസ്റ്റിക്കേറ്റിന്റെ റെക്ടർ ആയി സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ പൂനാ ജ്ഞാന ദീപ വിദ്യാപീഠത്തിൽ ബൈബിൾ പ്രൊഫസറായി ജോലി ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ കൊച്ചി പി.ഒ.സി.യിൽ കെ.സി.ബി.സിയുടെ ബൈബിൾ കമ്മീഷൻ ജോയിന്റ് സെക്രട്ടറി ആയി നിയമിതനാവുകയും പി.ഒ.സി ബൈബിൾ വിവർത്തനത്തിലും പ്രസിദ്ധീകരണത്തിലും വ്യാപൃതനാവുകയും ചെയ്തു. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന പി.ഒ.സി. ബൈബിളിന് ‘NIHIL OBSTAT’ നല്കിയിരിക്കുന്നത് ബ.ബർക്കു മാൻസ് അച്ചനാണ് എന്നുള്ള കാര്യം ഇവിടെ പ്രസ്താവ്യ യോഗ്യമാണ്. 1980-ൽ ബഥനി ആശ്രമത്തിന്റെ സുപ്പീര്യർ ജനറൽ ആയി തെരഞ്ഞെടുക്കപ്പെടുകയും തുടർന്നുള്ള ആറുവർഷക്കാലം സമൂഹത്തിന്റെ അദ്ധ്യക്ഷനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ സമൂഹ

ത്തിന് ഒരു ദിശാബോധം നല്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു എന്ന തിൽ അതിശയോക്തി ഇല്ല. 1986-ൽ വീണ്ടും പൂനാ സ്കൊളാസ്റ്റിക്കേറ്റിന്റെ റെക്ടർ ആയി നിയമിതനായി. അക്കാലത്ത് ബഥനിയ്ക്ക് സ്വന്തമായൊരു തിയോളജിയേറ്റ് എന്ന സ്വപ്നം BVP (ബഥനി വേദ വിജ്ഞാന പീഠം)യുടെ സ്ഥാപനത്തോടെ സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇക്കാലം മുതൽ ഒരു അക്കാഡമീഷൻ എന്നതിലുപരി കർത്താവിന്റെ സഭയിലെ ഒരു തീക്ഷ്ണമിഷനറിയായി അറിയപ്പെടാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. Scripture-ൽ മാത്രമല്ല, സഭാശാസ്ത്രത്തിലും അവഗാഹമുണ്ടായിരുന്ന അച്ചൻ പൂനാ-ബോംബെയിൽ തന്റെ മിഷൻ പ്രവർത്തനം ആരംഭിച്ച് ബാഹ്യകേരളത്തിൽ മുഴുവൻ മലങ്കര മിഷൻ (ETRI) Co-ordinator ആയി നിയമിക്കപ്പെടുകയും ചെയ്തു. ബാഹ്യകേരളം മാത്രമല്ല ആഗോളതലത്തിൽ വിവിധ രാജ്യങ്ങളിൽ മലങ്കരയുടെ Diaspora-കൾ സ്ഥാപിച്ച് അവയെ കൂട്ടിയിണക്കി കർമ്മപദ്ധതികൾക്ക് രൂപം നൽകി; സഭയെ ബലപ്പെടുത്തി. 'മലങ്കരയുടെ പൗലോസ്' എന്ന അപരനാമത്തിന് അർഹനായിരിക്കുകയാണ് ബ.ബർക്കുമാൻസ് അച്ചൻ.

ബർക്കുമാൻസ് അച്ചൻ ഒരു സ്ഥാനമോഹിയായിരുന്നില്ല. മലങ്കര ഹൈരാർക്കി ഒരിക്കൽ അച്ചന് റമ്പാൻ പട്ടം നല്കി ആദരിക്കാൻ ശ്രമിച്ചപ്പോൾ "സന്യാസി ആയ ഞാൻ ഓൾറെഡി റമ്പാനാണല്ലോ" എന്ന വിനയപൂർവ്വമായ ഒരു നിലപാടെടുത്ത് അതിൽനിന്ന് ഒഴിഞ്ഞു മാറുകയായിരുന്നു.

അച്ചൻ ഒരു സന്യാസി എന്ന നിലയ്ക്ക് മാതൃകാപുരുഷനായിരുന്നു. കൂട്ടായ ജീവിതത്തിന് അവസരം ലഭിച്ചപ്പോഴൊക്കെ സമൂഹജീവിതത്തിന് അതിപ്രാധാന്യം കൊടുത്തിരുന്നു. നിയമങ്ങൾക്കും നിഷ്ഠകൾക്കും കോമ്പ്രമൈസ് ഇല്ലായിരുന്നു. ബഥനി സന്യാസ വിശുദ്ധിയ്ക്ക് ചേർന്ന ലാളിത്യം അദ്ദേഹത്തിന്റെ കൈ മുതലും മുഖശ്രീയുമായിരുന്നു. കഴിക്കുന്ന ഭക്ഷണത്തിലും, ധരിക്കുന്ന വസ്ത്രത്തിലും, സഞ്ചാര മാർഗ്ഗങ്ങളിലും, സംസാരഭാഷയിലുമെല്ലാം ഈ ലാളിത്യം നിഴലിച്ചിരുന്നു. ഉന്നതമായ ചിന്തകളും ലളിതമായ ജീവിതവുമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. എല്ലാവരേയും നിഷ്കളങ്കമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന അച്ചനേയും എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും

ചെയ്തിരുന്നു. വിദ്യാർത്ഥികൾക്ക് വിജ്ഞാനിയനായ ഒരു ഗുരുഭൂതനും, സഭയ്ക്ക് ഒരു മല്പാനും ബന്ധുക്കൾക്ക് വാത്സല്യമുള്ള ഒരു 'അച്ചനപ്പച്ചനു'മായിരുന്നു ബർക്കുമാൻസച്ചൻ.

അന്ത്യംവരേയും ഉത്സാഹത്തോടുള്ള ജീവിതശൈലിയ്ക്ക് ഒരു കുറവും വരുത്തിയിട്ടില്ല. Retired life എന്നൊന്ന് ബർക്കുമാൻസ് അച്ചനില്ലായിരുന്നു. തന്റെ 80-കളിലും ഊർജ്ജസ്വലനായി ഓടിനടന്ന് അച്ചൻ സഭയേയും സമൂഹത്തേയും ബലപ്പെടുത്തുന്നതായിട്ടാണ് നാമൊക്കെ കണ്ടത്. തന്റെ ഡോക്ടറൽ തീസിസ്, നിരവധിയായ പേപ്പറുകൾ, ലേഖനങ്ങൾ, സെമിനാറുകൾ എന്നിവയിലൂടെയെല്ലാം തന്റെ വിജ്ഞാന പ്രാഗൽഭ്യം തെളിയിച്ച അച്ചനിൽ പക്ഷേ അതിന്റെ തലക്കനമൊന്നും കാണാനില്ലായിരുന്നു. ബൈബിളിന് ഒരു ഭാഷ്യം നല്കിക്കൊണ്ട് വേദോപദേശഗ്രന്ഥങ്ങൾ തയ്യാറാക്കി കൊണ്ടിരിക്കു മ്പോഴാണ് അദ്ദേഹത്തിന്റെ അന്ത്യം എന്ന കാര്യംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. പിൽക്കാലത്ത് മലങ്കരസഭയിൽ ബി.ഒ.സി. ആയി പരിണമിച്ച ബൈബിൾ ക്ലാസുകൾ അദ്ദേഹം പൂനയിലായിരിക്കു മ്പോൾ Bethany Bible Studies (BBS) എന്ന തന്റെ പേരോടു തുടങ്ങിയ പ്രശസ്തമായ ഒരു ബൈബിൾ പഠന ശിബിരമാണ് Frontier Mission-കളിൽ ഇന്നും നല്കിക്കൊണ്ടിരിക്കുന്ന Faith formation എന്ന പദ്ധതിയും ബ.ബർക്കുമാൻസ് അച്ചന്റെ സംഭാവനയാണ്. ഈവാനിയൻ ധ്യാനശൈലിയുടെ വക്താക്കളിൽ അഗ്രഗണ്യനായിരുന്ന ബർക്കുമാൻസ് അച്ചൻ. തന്റെ 82-ാം വയസ്സിൽ പോലും സഭാമേജർ സെമിനാരിയുടെ Spiritural Father ആയി അച്ചനെ സഭാ നേതൃത്വം നിയമിച്ചുവെങ്കിൽ അത് സഭയുടെ തന്നെ വലിയൊരു അംഗീകാര മായിട്ടു കാണണം. ഈ തസ്തികയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടി രിക്കുമ്പോഴാണ് രോഗബാധിതനായി അച്ചൻ തിരുവല്ല ബഥനി ആശ്രമം ദയറയുടെ അംഗമായി നിയമിതനായിരിക്കുന്നത്. ഈ കാലഘട്ടത്തിൽ സഭയിൽനിന്നും ഭവനത്തിൽ നിന്നും ധാരാളംപേർ അച്ചനെ സന്ദർശിച്ച് കുശലാന്വേഷണങ്ങൾ നടത്താറുണ്ടായിരുന്നു.

ഏതാണ്ട് ഒരു മാസംമുമ്പ് തിരുവനന്തപുരം RCCയിലും പുഷ്പഗിരി മെഡിക്കൽ കോളേജിലും നടന്ന പരിശോധനകളിൽനിന്നും വ്യക്തമായത് അച്ചൻ Brain toumor-ൽ നിന്നുണ്ടാകാവുന്ന വിവിധ

രോഗങ്ങൾക്ക് അധീനപ്പെട്ടിരിക്കുകയാണെന്ന് എന്നാണ്. കഴിയാവുന്ന എല്ലാ ചികിത്സയും നല്കിക്കൊണ്ടിരിക്കുകയുമായിരുന്നു. ആഗസ്റ്റ് 26-ാം തീയതി അച്ചന് തൈലാഭിഷേകം നല്കുകയുണ്ടായി. രോഗം മൂർഛിച്ചതിനെ തുടർന്ന് തീവ്ര പരിചരണ യൂണിറ്റിലേക്ക് മാറ്റി. സഭയിലെ പിതാക്കന്മാരും വൈദികരും കന്യാസ്ത്രീകളും അത്മായരും, സ്നേഹിതരും ബന്ധുക്കളുമായി ധാരാളംപേർ അച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സ്വന്തം സഹോദരി ബ.റൊസാലിയ എസ്.ഐ.സി.യും മറ്റു സഹോദരങ്ങളും അവസാന നാളുകളിൽ അച്ചന്റെ രോഗശയ്യയിൽ അച്ചനെ ശുശ്രൂഷിച്ചും പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. സമയാസമയങ്ങളിൽ കിട്ടിയ വിവരങ്ങളനുസരിച്ച് സമൂഹാംഗങ്ങൾ ഓരോരുത്തരും അച്ചനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 2018 സെപ്തംബർ 9-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണിയോടെ ഡോക്ടേർസ് നല്കിയ നിർദ്ദേശിച്ചമനുസരിച്ച് ബന്ധു മിത്രാദികളെ വിവരം അറിയിക്കുകയും ബന്ധപ്പെട്ട എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ കൂടി നിന്ന വൈദികരൊന്നിച്ച് 'മരണസമയത്തുള്ള അപ്പസ്തോലിക ആശീർവാദം നല്കി. 7.50-തോടുകൂടി അച്ചന്റെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നപ്പോൾ വൈദികരും കന്യാസ്ത്രീകളും 'ആത്മാവി വേർപിരിയുമ്പോഴുള്ള പ്രാർത്ഥന' ചൊല്ലിക്കൊണ്ടിരുന്നു.

വിളിക്കപ്പെട്ട വിളിയ്ക്ക് യോഗ്യമാംവിധം ജീവിച്ച ബ.ബർക്കുമാൻസ് അച്ചൻ തന്റെ ഓട്ടം പൂർത്തിയാക്കി സ്വർഗ്ഗീയ കിരീടത്തിനു വേണ്ടി തന്റെ നാഥന്റെ പക്കൽ എത്തിയിരിക്കുകയാണ്. ആ കിരീടധാരണത്തിൽ ഈ ആവസരങ്ങളിലും ഇവിടെ അവശേഷിച്ചിരിക്കുന്ന നമുക്ക് തുടർന്നും പ്രിയ അച്ചനുവേണ്ടി പ്രാർത്ഥിക്കാം

> ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം. അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും. (ജോഷ്വാ 1:8)

# ബഹുസ്വരതയുടെ ആത്മീയ ആചാര്യൻ

**റവ. ഡോ. ഗീവർഗ്ഗീസ് ഷാജൻ കുറ്റിയിൽ ഒ.ഐ.സി**
ഡയറക്ടർ, BVP

**ആമുഖം:**

ഓരോ വ്യക്തിയും മരണശേഷം ഓർമ്മിക്കപ്പെടുന്നത് അവർ ജീവിച്ചിരുന്നപ്പോൾ പങ്കുവച്ച ചിന്തകളിലൂടെയും ചെയ്തു തീർത്ത പ്രവർത്തികളിലൂടെയുമാണല്ലോ. അങ്ങനെയെങ്കിൽ പൂനാ ബഥനി ആശ്രമത്തോട് ചേർന്ന് ബ. ബർക്കുമൻസ് അച്ചൻ നല്കിയിട്ടുള്ള ബഹുവിധമായ നന്മകളിലൂടെ അച്ചൻ എന്നും അനശ്വരനായി ഓർമ്മിക്കപ്പെടും എന്നുള്ളതിൽ സംശയമില്ല.

**എന്നും സാധാരണക്കാരൻ:**

ഏത് കാര്യത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടും, അത് സഫലമാക്കുവാനുള്ള ഇച്ഛാശക്തിയും അച്ചന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതയായിരുന്നു. ആർക്കും ഏത് സമയത്തും സംലഭ്യമാകുവാനുള്ള അച്ചന്റെ ജീവിതത്തിന്റെ ലാളിത്യം അച്ചനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി. കർമ്മനിരതനായിരിക്കുവാനുള്ള അച്ചന്റെ ഔത്സുക്യവും, കാര്യങ്ങളെ വിവേചിച്ചറിയുവാനുള്ള കുശാഗ്രബുദ്ധിയും, അച്ചന്റെ സന്ന്യാസ പൗരോഹിത്യത്തെ കൂടുതൽ ആഢ്യത്വമുള്ളതാക്കി. ബഥനി സന്ന്യാസ സമൂഹത്തിന്റെയും, മലങ്കര കത്തോലിക്കാ സഭയുടെയും അധികാരസിരാകേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടപ്പോഴും, ദൈവജനത്തോട് ചേർന്ന് നിലിക്കുവാനും, സാധാരണക്കാരന്റെ ജീവിതശൈലികളോടും, അവരുടെ ജീവിതസാഹചര്യങ്ങളോടും ഉൾചേർന്നുകൊണ്ട്, സന്ന്യാസത്തിന്റെ മുഖമുദ്രയായ ലാളിത്യത്തിന് സാക്ഷ്യം നൽകുവാൻ അച്ചന് സാധിച്ചു.

**എന്നും മുന്നേ നടന്നവൻ:**

സഭാമക്കൾ സഭയോടൊത്ത് നടക്കേണ്ടവർ (Sentire Cum Ecclesiae) ആണെന്ന് പറയുമ്പോൾത്തന്നെ ആശയങ്ങൾക്കൊണ്ടും, പ്രവർത്തനങ്ങൾക്കൊണ്ടും സഭയുടെ മുന്നണിപോരാളിയാകുവാൻ, സഭയ്ക്കും, സമൂഹത്തിനും നേതൃത്വം നൽകിക്കൊണ്ട് ഒരു കാതം മുന്നേ നടക്കുവാൻ ബർക്കുമൻസ് അച്ചന് സാധിച്ചു.

## ബാഹ്യകേരളത്തിലേക്ക്:

ബഥനി സന്ന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ സ്ഥാന ത്തുനിന്നും വിരമിച്ച അച്ചന്റെ യാത്ര ബാഹ്യകേരളത്തിലേക്കായിരുന്നു. 1955-ൽ സ്ഥാപിതമായ പൂനാ ബഥനി ആശ്രമത്തിൽ, 1986-ൽ ബ. ബർക്കുമാൻസ് അച്ചൻ അധ്യക്ഷപദം ഏറ്റെടുക്കുന്നതോടുകൂടി, പൂനാ ബഥനി ആശ്രമത്തിന് പുതിയ രൂപവും ഭാവവും കൈവരുകയാ ണ്. പൂനാ ബഥനി ആശ്രമത്തോട് ചേർന്ന് ബഹു. അച്ചൻ രൂപം നല്കിയ ബഥനി വേദവിജ്ഞാനപീഠത്തിന്റെ പേരും പ്രസക്തിയും കൂടുതൽ നിർണ്ണയിക്കപ്പെട്ട കാലഘട്ടം. സന്ന്യാസ വൈദിക പരിശീലനത്തിന് നൂതനമായ കാൽവെയ്പുകൾ നടത്തി. വാക്കുകൾക്ക് അപ്പുറത്ത് ജീവിതം കൊണ്ട് പരീശീലനത്തെ കരുപ്പിടിപ്പിക്കുവാൻ അച്ചന് സാധിച്ചു. "കൂട്ടിലടച്ച തത്തയുടെ" പരിശീലനമല്ല മറിച്ച് വിശാലമായ ദർശ നത്തിലൂടെ, വിശാലമായ ലോകത്തിലേക്ക് ഇറങ്ങി പുറപ്പെടുന്നതിനും, ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും ആവശ്യമായ സന്ന്യാസ പൗരോഹിത്യ പരിശീലനം. പറഞ്ഞുകൊടുത്ത് കാര്യങ്ങൾ ചെയ്യിക്കുന്നതിലുപരിയായി ഉത്തരവാദിത്വബോധ ത്തോടെയും, സ്വാതന്ത്ര്യത്തോടെയും, കാര്യങ്ങൾ ചെയ്യുന്നതിനും, വ്യക്തിപരമായി രൂപപ്പെടുന്നതിനും ആവശ്യമായ പരിശീലനം അച്ചൻ ലക്ഷ്യം വച്ചു. ഇന്ത്യയുടെ ബഹുസ്വരത മനസ്സിലാക്കി, വ്യത്യസ്തങ്ങ ളായ ഭാഷകൾ പഠിക്കുന്നതിനും, ഭാരതീയ സംസ്കാരത്തിന്റെ ഉള്ളറകളെ മനസ്സിലാക്കുന്ന തിനും ആവശ്യമായ പദ്ധതികൾ പാഠ്യപദ്ധതിയോട് ചേർന്ന് അച്ചൻ ആവിഷ്ക്കരിച്ചു.

## ജ്ഞാനദീപ വിദ്യാപീഠത്തിൽ:

പൂനാ ജ്ഞാനദീപാ വിദ്യാപീഠ (JDV) l ്യാമ്പസിൽ ബഥനിയുടെ ലാളിത്യത്തിന്റെയും അതോടൊപ്പം ബൗദ്ധികതയുടെയും മുഖമായി ബർക്കുമൻസ് അച്ചൻ വിളങ്ങി നിന്നിരുന്നു. ബാഹ്യമായ വസ്ത്രധാര ണത്തിലുള്ള കാർക്കശ്യത്തോടൊപ്പം ബൗദ്ധികവും അതേസമയം ലളി തവുമായ അച്ചന്റെ ഇടപെടലുകൾ ബഥനിയെ JDV ക്യാമ്പസിൽ കൂടുതൽ സ്വീകാര്യമാക്കി. വിദേശത്ത് നിന്നുള്ളവരും, ഈശോ സഭാ വൈദി കരും മാത്രം പഠിപ്പിച്ചു കൊണ്ടിരുന്ന JDV þയിൽ (Papal Atheneum) പഠിപ്പിക്കുവാനുള്ള നിയോഗവും അച്ചനെ തേടിയെത്തി. പൂനാ ബഥനി ആശ്രമത്തോട് ചേർന്ന് ബ. ബർക്കുമൻസ് അച്ചൻ സ്വപ്നം കണ്ടതും, രൂപപ്പെടുത്തിയതുമായ ബഹുസ്വരതയുടെ വേദികൾ അനവധിയാണ്:-

**1. ബഥനി വേദവിജ്ഞാന പീഠം** (BVP):

ബ. ബർക്കുമൻസ് അച്ചൻ ബഥനി സന്ന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ ആയിരിക്കുന്ന കാലഘട്ടത്തിലാണ് 1983-ൽ ബഥനി വേദവിജ്ഞാനപീഠത്തിന് അംഗീകാരം ലഭിക്കുന്നത്. പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ സഭയ്ക്കു പോലും, സ്വന്തമായി ഒരു മേജർ സെമിനാരി ഇല്ലാതിരുന്ന കാലത്താണ് മലങ്കര കത്തോലിക്കാ സഭയ്ക്ക് പ്രചോദനമായി, ബഥനിക്ക് അഭിമാനമായി മലങ്കര സഭയുടെ പ്രത്യേകമായ ദൈവശാസ്ത്രവും, ആരാധനാ പാരമ്പര്യങ്ങളും, സഭാചരിത്രവും, കാനോനിക നിയമങ്ങളും, ആഴത്തിൽ പഠിക്കുന്നതിനുമായി ബി. വി. പി. ആരംഭിക്കുന്നത്. വ്യക്തിഗതസഭയായ മലങ്കര കത്തോലിക്കാ സഭയുടെ തനിമയും, വ്യക്തിത്വവും കൂടുതൽ വ്യക്തമാകുവാനുതകുന്ന തരത്തിലുള്ള, ഒരു ക്രാന്തദർശനത്തിന്റെ മകുടോദ്ദാഹരണമായി BVP നിലകൊള്ളുന്നു. BVP സ്ഥാപിതമായതോടുകൂടി, അതിനെ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള കർമ്മ പദ്ധതികൾ അച്ചൻ ആവിഷ്ക്കരിച്ചു. “Theologizing in the Malankara Church” എന്ന ആപ്തവാക്യം സാക്ഷാത്ക്കരിക്കുവാനാവശ്യമായ എല്ലാ സാധ്യതകളും BVP-യോട് ചേർന്ന് നടപ്പിൽ വരുത്തുന്നതിന് അച്ചൻ ഉത്സാഹിച്ചു.

**2. വചനസുമം:**

ക്ലാസ് മുറികളിൽ പഠിക്കുന്ന ദൈവവചനത്തെ ധ്യാനചിന്തകളിലൂടെ പങ്കുവയ്ക്കുവാൻ സഹായകമായ വിധത്തിൽ, ഞായറാഴ്ച പ്രസംഗങ്ങളും, മറ്റു പെരുന്നാൾ ദിവസങ്ങളിലെ പ്രസംഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ‘വചനസുമം’ എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ബൈബിളിലുള്ള അച്ചന്റെ ആഴമായ പാണ്ഡിത്യം, ‘വചനസുമത്തെ’ കൂടുതൽ ചിന്തോദ്ദീപമാക്കുന്നതിനും, അനുവാചകരിൽ ആകർഷണം ഉളവാക്കുന്നതിനും സഹായിച്ചു. എല്ലാ മാസവും കൃത്യമായി ഈ പ്രസംഗങ്ങൾ മലങ്കര സഭയിലെ വൈദികർക്ക് “പ്രസംഗ സഹായി”യായി ലഭ്യമാക്കുകയുണ്ടായി. ഇന്നും BVPþയിലൂടെ ബഥനി വൈദികവിദ്യാർത്ഥികൾ ഈ ഉദ്യമം അനസ്യൂതമായി തുടർന്നു പോരുന്നു.

**3. ബഥനി ബൈബിൾ സ്റ്റഡീസ് (ബി. ബി.എസ്):**

BVP þയുടെ ആഭിമുഖ്യത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ കുട്ടികൾക്ക് വേണ്ടി ബഥനി ബൈബിൾ സ്റ്റഡീസിന് ആരംഭം കുറിച്ചു. കേരളത്തിലുള്ള മറ്റെല്ലാ സഭാവിഭാഗങ്ങൾക്കും, അവധിക്കാലത്ത് Vacation Bible Campþഎന്ന പേരിൽ ക്ലാസ്സുകളും, വിശ്വാസ പരിശീ

ലനവും നടക്കുമ്പോൾ, മലങ്കര കത്തോലിക്കാ സഭയിലെ കുഞ്ഞുങ്ങളെ സഹായിക്കുവാൻ വേണ്ടി തുടക്കം കുറിച്ചതാണ് B.B.S എന്നാൽ B.B.Sന്റെ ചുവടുപിടിച്ച് നമ്മുടെ എല്ലാ രൂപതകളോടും ചേർന്ന്, Vacation Bible Classകൾ വ്യത്യസ്തമായ പേരുകളിൽ നടത്തപ്പെടുകയും, ഇപ്പോൾ MBOCഎന്ന പേരിൽ ഐക്യരൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ന് B.B.Sനെ വിമർശന ബുദ്ധിയോടെ കാണുന്നവർ, B.B.S-ലൂടെയാണ് മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇപ്രകാരം ഒരു പ്രചോദനം ലഭിച്ചതെന്ന കാര്യം വിസ്മരിക്കുവാൻ പാടുള്ളതല്ല.

**4. മതബോധനഗ്രന്ഥം** (Catechism Texts):

ബാഹ്യകേരളത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ കൂട്ടായ്മകൾ ശക്തിപ്പെട്ട് വരുന്ന കാലം. ഹിന്ദിയും, ഇംഗ്ലീഷും മാത്രം കൈവശമുള്ള നമ്മുടെ കുഞ്ഞുങ്ങൾക്ക് മതപഠനത്തിനാവശ്യമായ പ്രസിദ്ധീകരണങ്ങൾ ഇല്ലായിരുന്നു. സഭാമക്കളുടെ ആവശ്യം കണ്ടറിഞ്ഞ്, BVP -യിലൂടെ ബ്രദേഴ്സിനെ ഒരുക്കി Catechism ക്ലാസ്സുകൾ എടുക്കുവാൻ തക്കവണ്ണം, Text Books തയ്യാറാക്കി നൽകുകയുണ്ടായി. ബാഹ്യകേരളത്തിൽ പുതിയ രൂപതയും എക്സാർക്കേറ്റുമായി ഇന്ന് മലങ്കര സഭ അതിവേഗം വളർന്ന് വലുതായിക്കൊണ്ടിരിക്കുന്നുവെന്ന് നാം അവകാശപ്പെടുമ്പോൾ, വിശ്വാസ പരിശീലനത്തോട് ചേർന്ന് ബ. ബർക്കുമാൻസ് അച്ചൻ നിർവ്വഹിച്ച പങ്ക് ചെറുതായി കാണുവാൻ നമുക്കാകില്ല.

**5. വിശ്വാസ പഠനശിബിരം** (8-12 Programme):

കേരളത്തിലെ കൗമാര പ്രായക്കാർക്കായി അവധിക്കാലത്തോട് ചേർന്ന് T.O.C (Teens Orientation Camp) എന്ന പേരിൽ ബഥനിയുടെ ആഭിമുഖ്യത്തിൽ ക്യാമ്പുകൾ നടത്തി വരുന്നു. അതുപോലെ തന്നെ പൂനായിലും, ബാഹ്യകേരളത്തിലെ മറ്റു സ്ഥലങ്ങളിലുമുള്ള കൗമാര പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക്, വിശ്വാസ പരിശീലനത്തോടൊപ്പം, നല്ല ജീവിതലക്ഷ്യങ്ങളിലേക്ക് അവരെ കൈ പിടിച്ച് ഉയർത്തുവാൻ തക്കവണ്ണം "8-12 Programme" എന്നപേരിൽ ക്ലാസ്സുകൾ ക്രമീകരിച്ചിരുന്നു. പല സമയങ്ങളിലും ബർക്കുമാൻസ് അച്ചൻ തന്നെ ഈ പദ്ധതിക്ക് നേരിട്ട് നേതൃത്വം നല്കുകയും ചെയ്തു.

**6. യുവജന സെമിനാർ:**

പൂനായിലും, പരിസര പ്രദേശങ്ങളിലുമുള്ള യുവജനങ്ങളെ ഒരുമിച്ചുകൂട്ടി ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ ക്ലാസ്സുകളും, ചർച്ചകളും നടത്തി, യുവജനങ്ങളെ, സഭയോടും, വിശ്വാസജീവിതത്തോടും, അതോടൊപ്പം ധാർമ്മികതയിൽ ഉറപ്പിച്ച് നിർത്തുന്നതിനുമായി BVP-യോട്

ചേർന്ന് സെമിനാറുകൾ, സംഘടിക്കപ്പെട്ടു പോന്നു. മറ്റ് സഭാവിഭാഗങ്ങളോടുള്ള അച്ചന്റെ പ്രത്യക ബന്ധം, അവരുടെയും ധാരാളമായ പങ്കാളിത്തം ഉറപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

**7. അന്താരാഷ്ട്ര കൊളോക്കിയം** (International Colloquium):

ദൈവശാസ്ത്രത്തിന്റെ നൂതനമായ മാനങ്ങൾ കണ്ടെത്തുന്നതിനും, മലങ്കര സഭയുടെ തനതായ ആരാധനാ പാരമ്പര്യങ്ങളെ അടുത്തറിയുന്നതിനും, സംവാദങ്ങളിലൂടെ പുതിയ കാഴ്ചപ്പാടുകൾ കണ്ടെത്തുന്നതിനും ബ. അച്ചൻ തുടക്കം കുറിച്ച International Conference-കൾ കാരണമാകുന്നു. 5-ാമത് BVP Colloquium-ത്തിന് ഒരുക്കങ്ങൾ നടക്കുന്ന ഈ അവസരത്തിൽ ബ. ബർക്കുമാൻസ് അച്ചനെ നന്ദിയോടെ ഓർക്കുന്നു.

**8. സഭൈക്യ കൂട്ടായ്മകൾ** (Christian Clergy Fellowship Meet):

ബഥനിയുടെയും, മലങ്കര കത്തോലിക്കാ സഭയുടെയും പ്രത്യേക നിയോഗമായ 'സഭൈക്യ' പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് Christian Clergy Fellowship Meet സംഘടിപ്പിക്കുന്നതിനും, അതിന്റെ സ്ഥാപകപിതാവ് എന്ന നിലയിൽ ദീർഘനാൾ നേതൃത്വം നല്കുന്നതിനും ബ. ബർക്കുമൻസ് അച്ചന് സാധിച്ചു. ക്രൈസ്തവ സഭാമക്കളെ ഒന്നിച്ചു കൊണ്ടുവരുന്നതിന് Christmas, Easter പോലെയുള്ള അവസരങ്ങളിൽ common program-കൾ സംഘടിപ്പിച്ചു. B.V.Pയോട് ചേർന്ന് സംഘടിപ്പിക്കപ്പെട്ട ഈ കർമ്മ പരിപാടികളിലെല്ലാം വൈദിക വിദ്യാർത്ഥികളുടെ സാന്നിധ്യവും, സേവനവും ഉണ്ടായിരുന്നു എന്ന് മാത്രമല്ല, അതുവഴി സന്ന്യാസ പൗരോഹിത്യ പരിശീലന കാലഘട്ടത്തിൽ തന്നെ സഭൈക്യ പരിശ്രമങ്ങളോട് ചേർന്ന് നില്ക്കുവാനുള്ള അവസരവും ലഭിച്ചു.

**ഉപസംഹാരം**

"നാനാത്വത്തിൽ ഏകത്വം" എന്ന് പറയുന്നതുപോലെ, അച്ചനിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ബഹുലമായ കാഴ്ചപ്പാടുകളും, പദ്ധതികളും ബഹു. ബർക്കുമൻസ് അച്ചനെ വ്യത്യസ്തനാ ക്കുന്നതോടൊപ്പം അനശ്വരനാക്കുന്നു. ഭാരതത്തിന്റെ "ബഹുസ്വരത"യെ തൊട്ടറിഞ്ഞ ബർക്ക്മാൻസ് അച്ചൻ, ബഥനിയിലൂടെയും, മലങ്കര കത്തോലിക്കാസഭയിലൂടെയും തന്റെ ശ്രേഷ്ഠമായ സന്ന്യാസ ജീവിതക്രമത്തിലൂടെയും ധീരോദാത്തമായ സാക്ഷ്യം നല്കി, തന്റെ നിയോഗം പൂർത്തിയാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട ബർക്കുമൻസ് അച്ചന്, പൂനാ ബഥനി ആശ്രമത്തിന്റെയും ബഥനി വേദവിജ്ഞാനപീഠത്തിന്റെയും പ്രണാമം.

# റവ.ഫാ. ജോൺ ബർക്കുമൻസ് ഒ.ഐ.സി.

**റവ. ഫാ. ഡോ. കുറിയാക്കോസ് തടത്തിൽ**
റെക്ടർ, മലങ്കര മേജർ സെമിനാരി.

മലങ്കര കത്തോലിക്കാ സഭയുടെ ബാഹ്യകേരള ഭദ്രാസനങ്ങളുടെ പകരക്കാരനില്ലാത്ത പ്രേഷിതവര്യനും ബഥനിയുടെ അഭിമാനവുമായ ബഹു.ബർക്കുമൻസ് അച്ചൻ തന്റെ ജീവിത സായാഹ്നത്തിലെ വൈദിക ശുശ്രൂഷ നിർവ്വഹിച്ചത് തിരുവനന്തപുരത്തുള്ള മലങ്കര മേജർ സെമിനാരിയിലാണ്. ഇത് തികച്ചും യാദൃശ്ചികമായ ഒരു കാര്യമല്ല, മറിച്ച്, ദൈവനിയോഗമായിരുന്നു. സാധാരണരീതിയിൽ നടക്കാൻ സാധ്യമല്ലാത്ത ഒരു ചുമതലയായിരുന്നു ബഥനിയുടെ അമരക്കാരനായിരുന്ന ഈ പണ്ഡിത ശ്രേഷ്ഠൻ ഒരു ആത്മിക പിതാവായി ഇടവക വൈദികരാകാനുള്ള വിദ്യാർത്ഥികൾക്കു പരിശീലനം നൽകുക എന്നത് ദൈവനിയോഗം എന്നുപറയുവാൻ കാരണം മലങ്കര സഭയ്ക്ക് ഒരു വൈദിക സെമിനാരി ആവശ്യമാണ് എന്ന ആശ്യത്തിന്റെ പ്രചാരകനും പ്രചോദകനും ബർക്കുമാൻസ് അച്ചൻ ആയിരുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ അടുക്കൽ ഈ ആവശ്യം നിരന്തരം ഉന്നയിക്കുകയും അത് സാദ്ധ്യമാക്കി തീർത്തതിൽ ഈ വൈദികന് വലിയ പങ്കുണ്ട്. അതുകൊണ്ടുതന്നെ തന്റെ വൈദികജീവിതത്തിന്റെ അവസാന ശുശ്രൂഷ സെമിനാരിയിൽ നിർവ്വഹിച്ചു ദൈവസന്നിധി പ്രാപിച്ചു. അച്ചന്റെ ശവസംസ്കാര ശുശ്രൂഷയിൽ മലങ്കര സെമിനാരിയിലെ മുഴുവൻ അംഗങ്ങളും ആദരവോടെ സംബന്ധിച്ചു.

ബഹു.ബർക്കുമൻസ് അച്ചന്റെ ചിന്തയിലും സംസാരത്തിലും പ്രവർത്തനത്തിലും രണ്ട് കാര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മലങ്കര സഭയും ബഥനി സന്യാസ ആശ്രമവും. ഈ രണ്ടു കാര്യങ്ങൾക്കും മാത്രമായി തനിക്കുള്ളതെല്ലാം വ്യയംചെയ്ത സന്യാസവര്യനായിരുന്ന അച്ചൻ തന്നെ ഇത്രയും പഠിപ്പിച്ചു വലുതാക്കിയ ബഥനിയോട് എന്തെന്നില്ലാത്ത അഭിനിവേശമായിരുന്നു. അത് വ്യക്തമായി അച്ചന്റെ സംസാരത്തിലും കണ്ണുകളിലും നിഴലിച്ചിരുന്നു. ബഥനിയുടെ സ്ഥാപകനായ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവിന്റെ വലിയ ദർശനമായിരുന്നു ഭാരതസുവിശേഷീകരണം. ഇത് നമ്മൾ നെഞ്ചിലേറ്റി ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ നെടുകെയും

കുറുകയും ഓടി, വി.പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയിൽ പ്രവർത്തിച്ചതിന്റെ സദ്ഫലമാണ് രണ്ട് ബഥാന്യർ മെത്രാന്മാരായി ശുശ്രൂഷ നടത്തുന്ന നമ്മുടെ സഭയിലെ പൂനാ-കട്കി, ഗുഡ്ഗാവ് ഭദ്രാസനങ്ങൾ. അവിടെ ദൈവജനത്തിന്റെ മനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടിയ വലിയ മിഷനറിയും, ഈ രണ്ട് ഭദ്രാസനങ്ങളിലെ ഇടവകകളുടെയും ദൈവജനത്തിന്റെയും സൂക്ഷിപ്പുക്കാരൻ ഈ കൃശഗാത്രക്കാരായ സന്യാസിയായിരുന്നു. ഇതെല്ലാം നിർവ്വഹിച്ചിട്ടും താൻ ഒന്നും ചെയ്തില്ല എന്ന ഭാവത്തിൽ നടന്നിരുന്ന ഒരു വ്യക്തിത്വം, സുവിശേഷത്തിൽ സുവിശേഷകനെക്കുറിച്ച് പറഞ്ഞിരിക്കുന്നതും സ്വന്ത ജീവിതത്തിൽ പ്രാവർത്തികമാക്കി "നിങ്ങൾ എല്ലാം ചെയ്തിട്ടും പ്രയോജനമില്ലാത്ത ദാസന്മാർ എന്ന് സ്വയം ഗണിച്ചുകൊള്ളണം." ഇത് അക്ഷരം പ്രതി ഈ സ്വാത്വികൻ സ്വജീവിതത്തിലൂടെ ഉദാഹരിച്ചു.

വൈദികസെമിനാരിയിലെ ശെമ്മാശന്മാർക്ക് ബഹു.ബർക്കുമൻസ് അച്ചൻ ഒരു പ്രചോദനവും വെല്ലുവിളിയുമായിരുന്നു. ഒരു വൈദിക വിദ്യാർത്ഥിയെപ്പോലെ എല്ലാ പ്രാർത്ഥനകളിലും ഭക്താഭ്യാസങ്ങളിലും മറ്റെല്ലാ പരിപാടികളും കൃത്യനിഷ്ഠയോടെ പങ്കു ചേർന്നിരുന്നു. ഇത്രയും ഔന്നത്യം ഉള്ള ഒരു വൈദിക ശ്രേഷ്ഠൻ ഒരു സെമിനാരിക്കാരനെപ്പോലെ ജീവിക്കുന്നത് എന്നും ഒരു വെല്ലുവിളി തന്നെയായിരുന്നു.

ആദ്ധ്യാത്മികജീവിതത്തിൽ അവധിയില്ലാത്ത ആളായിരുന്നു അച്ചൻ. ഈ ആദ്ധ്യാത്മികജീവിതക്രമത്തിൽ അച്ചന്റെ നാട്ടുകാരനും സഹസന്യാസിയും ഒക്കെ ആയിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഭാവം തന്നെയായിരുന്നു ബർക്കുമൻസച്ചനും.

അച്ചന്റെ ജീവിത ലാളിത്യം എന്നും അനുകരണീയമാണ്. ഏറെ വെല്ലുവിളികൾ ഉള്ളതാണ്. അച്ചന്റെ ഭക്ഷണക്രമം, വസ്ത്രധാരണം, യാത്രകൾ ഇതെല്ലാം ഏറെ ലളിതമാണ്. ഉൺമയിൽ ഇല്ലാത്തവനെപ്പോലെ ജീവിക്കുന്നതാണല്ലോ പുണ്യം! പുണ്യം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ജീവിച്ചിരുന്നു ഈ സന്യാസി.

സെമിനാരിയിലെ അച്ചന്റെ സാന്നിദ്ധ്യം ഞങ്ങൾ വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും ഒരുപോലെ സന്തോഷമായിരുന്നു. അച്ചനും സെമിനാരിയിലെ ജീവിതം ഏറെ സന്തോഷമായിരുന്നു എന്നു

പല ആവർത്തി പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് സന്തോഷം എന്നു പറയാൻ കാരണം, അച്ചന്റെ പദവികളും പ്രായവും എല്ലാം മറന്ന് എല്ലാവരു ടെയും ഇടയിലേക്ക് താഴ്ന്നു വരുവാനുള്ള വലിയ മനസ്സ് സ്വതന്ത്രമായി ഇടപെടുവാനുള്ള ഒരു ഇടം (space) അച്ചന്റെ ജീവിതത്തിലുണ്ടായി രുന്നു. സംവാദങ്ങൾ ആകട്ടെ, തമാശകൾ ആകട്ടെ വിമർശനങ്ങൾ ആകട്ടെ. ഇതെല്ലാം സ്വതന്ത്രമായി അച്ചനോട് സംസാരിക്കാം. അച്ചൻ ഒരു ബുദ്ധിശാലിയായതുകൊണ്ട് ഓരോന്നും അതാതിന്റെ തലത്തിൽ അംഗീകരിക്കുവാൻ സാധിക്കുന്നു. ഈ ഒരു മനോഭാവം വലിയ മനസ്സു കൾക്കു മാത്രമാണ് ഉള്ളത്. ആംഗലേയഭാഷയിൽ ഇങ്ങനെ ഒരു ചൊല്ലുണ്ട്.

"The greatness of a man is measured by the shadows that he falls after his death" അതായത് ഒരുവന്റെ മഹത്വം നമ്മൾ മനസ്സിലാക്കുന്നത് അവന്റെ മരണശേഷം അവൻ വീഴ്ത്തുന്ന നിഴലുകളുടെ അടിസ്ഥാനത്തിലാണ്.

ബഹു.ബർക്കുമൻസ് അച്ചൻ ശാരീരികമായി നമ്മോടുകൂടെ ഇനി ഇല്ലെങ്കിലും അച്ചൻ ഈ ഭൂമിയിൽ വീഴ്ത്തിയിട്ടുള്ള നിഴലുകൾ നമുക്ക് പ്രചോദനമാണ്. ഈ വലിയ ഗുരുശ്രേഷ്ഠന്റെ മുമ്പിൽ നമിക്കുന്നു. നമുക്ക് ആശംസിക്കാം.

"മലങ്കരസഭയുടെയും ബഥനിയുടെയും വലിയ ഗുരുശ്രേഷ്ഠാ! അങ്ങു സമാധാനത്താലെ പോകുക, സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ."

"We, the Bethanians lost a prophet, role model, and real sannyasi. May his soul rest in peace. Dear Berchmans Achan please Pray for Bethany and all of us in Paradise. My heartfelt condolences and prayers to all my beloved Bethanians."

# നിത്യതയിലേക്ക്
# ഒരേ ഭവനത്തിൽ നിന്ന് ....



# മറക്കാത്ത ഓർമ്മകളുമായ്...

**Mr. കുഞ്ഞുമോൻ പുളിയൻകീഴ്**
അച്ചന്റെ സഹോദരൻ

"ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം"

ദൈവത്തിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നതിലല്ലാ ദൈവം ആഗ്രഹിക്കുന്നതുമാത്രം ചെയ്യുന്നതിലും ദൈവം ഇച്ഛിക്കുന്നതിനെ നമ്മൾ ഇച്ഛിക്കുവാൻ പരിശ്രമിക്കുന്നതിലുമാണ് പുണ്യപൂർണത അടങ്ങിയിരിക്കുന്നത് എന്ന വി.അൽഫോൺസ് ലിഗോരിയുടെ വാക്കുകൾ ബർക്കുമൻസ് അച്ചന്റെ ജീവിതത്തിലും അന്വർത്ഥമാണ് എന്നതിൽ രണ്ടുപക്ഷമില്ല.

ഭക്തിയും, കാരുണ്യവും, ലാളിത്യവും നിറഞ്ഞ വ്യക്തിത്വത്തിനുടമ ആയിരിന്നു അച്ചൻ. സ്വന്തം ഇടവകപ്പള്ളി തിരുഹൃദയദേവാലയമായിരുന്നതുകൊണ്ടാണോ എന്നറിയില്ല. അച്ചൻ തികഞ്ഞ ഒരു തിരുഹൃദയ ഭക്തനായിരുന്നു. ചെറുപ്പകാലം മുതൽതന്നെ എല്ലാ ദിവസവും വി.കുർബാനയിൽ നിഷ്ഠയോടെ സംബന്ധിച്ചിരുന്നു. ഏറെദൂരം നടന്ന് ത്യാഗത്തോടെ അടുത്തുള്ള 4 പള്ളികളിൽ മാറി മാറി പോയിട്ടായിരുന്നു തന്റെ ആഗ്രഹം സഫലീകരിച്ചിരുന്നത്. ഈ സമയമത്രയും ഞങ്ങൾ ആഞ്ഞിലി ചക്കയും മറ്റും പറിച്ച് ഉല്ലസിച്ചിരുന്നു. ആശ്രമത്തിലുള്ളത് ആശ്രമത്തിന്, വീട്ടിലുള്ളത് വീട്ടുകാർക്ക് എന്ന മനോഭാവമായിരുന്നു അച്ചനുണ്ടായിരുന്നത്. അച്ചൻ പൂനയിൽ ആയിരിക്കുമ്പോൾ ഒരു ചെറിയ പേനയെങ്കിലും അച്ചന്റെ കൈയ്യിൽ നിന്നു കിട്ടിയിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിച്ചിട്ടുണ്ട്. ഒരിക്കൽ ഞാനത് പ്രകടിപ്പിക്കുകയും ചെയ്തു. അപ്പോൾ അച്ചൻ സൗമ്യനായി പറഞ്ഞത് 'പേന നാട്ടിൽ നിന്നുതന്നെ വാങ്ങിയാൽ മതി' എന്നാണ്: "ഒരു കാശ് കൈയ്യിലുള്ള സന്യാസിക്ക് ഒരു കാശ് വിലയില്ല" എന്ന മാർ ഈവാനിയോസ് പിതാവിന്റെ മഹത് സൂക്തം അന്വർത്ഥമാക്കുമാറാണ് അച്ചൻ ജീവിച്ചത്. സാഹചര്യങ്ങളുണ്ടായിരുന്നപ്പോഴും എളിമയോടെ ലളിതമായി ഒന്നും ഇല്ലാത്തവനെപ്പോലെ ജീവിച്ചു. യഥാർത്ഥത്തിൽ ഒരു ബഥാന്യനെപ്പോലെ ജീവിച്ച അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്കഭിമാനം തോന്നുന്നു.

എന്റെ ജീവിതത്തെ സ്വാധീനിച്ച വലിയ സംഭവമായിരുന്നു അമ്മയുടെ മരണ സമയത്ത് അച്ചൻ പുലർത്തിയ മനോഭാവം. മരണവാർത്ത അറിഞ്ഞാലുടൻ താമസം കൂടാതെ വിമാന മാർഗ്ഗത്തിൽ അച്ചൻ വീട്ടിൽ എത്തണം എന്നു ഞാനാഗ്രഹിച്ചിരുന്നു. എന്നാൽ അച്ചൻ ശബരിമല സീസൺ ആയിരുന്നിട്ടും റിസർവേഷൻ ഇല്ലാതെ ട്രെയിനിൽ യാത്രചെയ്ത് വീട്ടിലെത്തി. ഇതിനെക്കുറിച്ച് അച്ചനോടു ചോദിച്ചപ്പോൾ എത്ര ലാഘവത്തോടെയാണ് അച്ചനതിനെക്കുറിച്ച് പറഞ്ഞതെന്ന് ഞാനോർക്കുന്നു. കർത്താവിന്റെ ലളിത ജീവിതത്തെ അനുകരിക്കുന്നവർക്കു മാത്രമേ ഇത്തരത്തിൽ ചിന്തിക്കാനും പ്രവർത്തിക്കുവാനും സാധിക്കൂ എന്നു തീർച്ചയാണ്. ജാതിമതഭേദമെന്യേ ആരെയും ഹൃദയത്തോടു ചേർക്കുവാൻ അച്ചനു സാധിച്ചിരുന്നു. വീടിനു സമീപത്തുള്ള അമ്പലത്തിൽ സുഹൃത്തുക്കളുടെ ക്ഷണം സ്വീകരിച്ച് മണ്ഡല മഹോത്സവത്തിൽ പങ്കെടുത്തതും അവരോടൊപ്പം ഊണുകഴിച്ചതും ഇതിനുദാഹരണമാണ്.

അച്ചന്റെ യാത്രയെക്കുറിച്ച് ഓർത്താൽ രസകരമായ പല സംഭവങ്ങളും ഓർക്കാനുണ്ട്. ഒരു തുണി സഞ്ചിയും തോളിലിട്ട്, എന്നോടൊപ്പം എന്റെ പഴയ TVS-Scooter-ലായിരുന്നു അമ്മവീട്ടിലും, ബന്ധുവീട്ടിലുമൊക്കെ പോയിരുന്നത്. ഒരിക്കൽ എന്റെ മകൾ ജിജി മിറാജ് ആശുപത്രിയിൽ നേഴ്സിംഗ് പഠനം നടത്തുമ്പോൾ, മകളെ സന്ദർശിക്കാനായി പൂനയിൽ നിന്ന് ട്രെയിനിൽ യാത്ര തിരിച്ച അച്ചൻ സ്റ്റേഷൻ തെറ്റി മറ്റൊരു സ്റ്റേഷനിൽ ഇറങ്ങി. വേണമെങ്കിൽ അവിടെ നിന്നും ടാക്സി എടുത്ത് അപ്പോൾ തന്നെ ലക്ഷ്യ സ്ഥാനത്തേക്കു പോകുവാൻ സാധിക്കുമായിരുന്നിട്ടും റയിൽവേ സ്റ്റേഷനടുത്ത് ഒരു ചായക്കടയുടെ വരാന്തയിൽ കിടന്നുറങ്ങി. പിറ്റേ ദിവസമാണ് വീണ്ടും ട്രെയിനിൽ മിറാജിൽ എത്തിയത്. തന്റെ സന്യാസജീവിതത്തിൽ നിന്നും താൻ പുലർത്തിയിരുന്ന നിഷ്ഠയിൽനിന്നും അണുവിട വ്യതിചലിക്കുവാൻ ഇങ്ങനെയുള്ള കാര്യങ്ങൾക്കൊന്നും കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം.

എല്ലാവരെയും ഒരു മനസ്സോടെ അച്ചൻ സ്നേഹിച്ചു. സി.റൊസാലിയായോട് ഒരു പ്രത്യേക കരുതലും ബഹു.വിൻസെന്റ് അച്ചനോട് ബഹുമാനവും അച്ചൻ കാത്തുസൂക്ഷിച്ചിരുന്നു. അവസാനമായി വീട്ടിൽ വന്നു മടങ്ങുമ്പോൾ അത് ഒരു വിടവാങ്ങൽ

ആയിരുന്നു എന്ന് ആരും വിചാരിച്ചിരുന്നില്ല. എന്നാൽ ഇതൊക്കെ മുൻകൂട്ടി മനസ്സിലാക്കിയതുപോലെ അടുത്തുള്ള വീടുകളും, ബന്ധുവീടുകളും സന്ദർശിച്ചാണ് അച്ചൻ യാത്രയായത്. ബഥനി സമൂഹത്തെ ഹൃദയത്തിൽ ചേർത്തുവച്ച അച്ചനെ, ഏറ്റവും സ്നേഹിച്ച്, സ്നേഹാദരങ്ങളോടെ സ്വർഗ്ഗ ഭവനത്തിലേക്കു യാത്രയാക്കിയ ബഥനി ആശ്രമസുപ്പീര്യർ ജനറലിനോടും, പ്രൊവിൻഷ്യൽ സുപ്പീരേ്യഴ്സിനോടും, സഹ വൈദികർ, ബ്രദേഴ്സ്, സഹോദരങ്ങൾ ഏവരോടുമുള്ള ഞങ്ങളുടെ നന്ദിയും കടപ്പാടും നിസ്സീമമാണ്.

> "ദൈവകരങ്ങളിൽനിന്ന് ദൈവഹിതമായി
> ഏറ്റുവാങ്ങുന്നതെന്തും നമുക്കു സമാധാനം തരും
> ദൈവഹിതമായി നാം എന്തു ചെയ്യുന്നുവോ
> അതു മാത്രമാണ് സ്വർഗ്ഗത്തിലെത്താൻ
> സഹായിക്കുന്നത്."

ദൈവഹിതത്തിനു സ്വയം സമർപ്പിച്ച് സ്വർഗ്ഗഭാഗ്യത്തിനർഹനായ ബെർക്കുമൻസ് അച്ചന്റെ മാതൃകയെ പിൻതുടരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ!!!

> "ദൈവസുതാ താലന്തുകളെ നിന്നിൽ നിന്നും
> വാങ്ങിയൊളിച്ചവ വച്ചില്ലേൻ ദുഷ്ടദാസൻ പോൽ
> കഴിവതുപോൽ വ്യാപാരമതും ചെയ്തേൻ കാൺക
> താലന്തുകളവ ബഹുതരമായ് വർദ്ധിപ്പിച്ചീ ഞാൻ
> നിൻവരവിൻ അന്തിമ ദിവസത്തിൽ
> ലാഭമൊടെ നൽകാം സമ്പാദ്യം
> മുഖതെളിവോടങ്ങെ വാഴ്ത്താം നാഥാ തേ! സ്തോത്രം."
>
> (കൊഹനൈത്താ, പേജ് 95)

# സ്വർഗ്ഗീയ വെളിച്ചത്തിലേക്ക്...

**Mr. സൈമൺ പി.വർഗ്ഗീസ് പുളിയൻകീഴ്**
പിതൃസഹോദരപുത്രൻ

ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ ഞങ്ങൾ മാതാപിതാക്കളും സഹോദരങ്ങളും കുട്ടികളും ബന്ധുജന ങ്ങളും പ്രിയപ്പെട്ട നാട്ടുകാരും മലങ്കര കൂട്ടായ്മയും ആകാംക്ഷയോടെ കാത്തിരുന്ന ആ സുദിനം വന്നു ചേർന്നു. ഞങ്ങൾ കുട്ടികൾക്ക് പ്രത്യേകിച്ച്, ഓർമ്മയിൽ പതിഞ്ഞിട്ടില്ലാത്ത 'അച്ചനച്ചാച്ചൻ' ഞങ്ങൾ എല്ലാവരേയും അമ്പരിപ്പിച്ചുകൊണ്ട് ഉപരിപഠനം പൂർത്തിയാക്കി യൂറോപ്പിൽനിന്ന് തിരിച്ചെത്തി...

ഒരു ആത്മീയ പിതാവായി നമുക്ക് നേർവഴി കാട്ടിത്തരാൻ, നമ്മുടെ സംശയങ്ങൾക്ക് ഉത്തരം നൽകാൻ, കൂദാശകളിലൂടെ ദൈവികാനുഭവം നമുക്കു പകരാൻ ഇനി ബർക്കുമൻസ് അച്ചനില്ല. എന്നാൽ നമുക്കും സഭയ്ക്കു മുഴുവനുംവേണ്ടിയും ദൈവപിതാവിന്റെ മുമ്പിൽ അച്ചന്റെ പ്രാർത്ഥനകളുടെ ആത്മീയ ശബ്ദം ഉയരുന്നുണ്ട് എന്ന വിശ്വാസം ഈ ജീവിതമാകുന്ന തീർത്ഥയാത്രയിൽ തളർന്ന് പോകാതിരിക്കുവാൻ ശക്തി പകരുന്നു.

*"Fr.Berchmans...*

*A True Bethanian with simplicity ....*

*A Great Theologian with Wisdom....*

*A Great Professor with Deep Knowledge ....*

*May his soul rest in peace."*

# ഞങ്ങളുടെ പ്രിയപ്പെട്ട അച്ചനപ്പച്ചൻ

**Mrs. ജിജി ജോസഫ് പുളിയൻകീഴ്**
സഹോദരപുത്രി

ഞങ്ങളുടെ ഏറ്റവും സ്നേഹം നിറഞ്ഞ അച്ചനപ്പച്ചന്റെ ഓർമ്മകൾക്കു മുമ്പിൽ കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ!

ഓർമ്മവെച്ച നാൾ മുതൽ കാണുന്ന അച്ചനപ്പച്ചന്റെ നിറഞ്ഞ ചിരിയോടെയുള്ള, സ്നേഹമുള്ള ആ മുഖമാണ് മനസ്സിലെന്നും മായാതെ നിൽക്കുന്നത്. എന്റെ വല്യപ്പച്ചൻ കഴിഞ്ഞാൽ ഞാൻ കണ്ടിട്ടുള്ളവരിൽവച്ച് ഏറ്റവും സ്നേഹമുള്ള ആളായിരുന്നു ഞങ്ങളുടെ അച്ചനപ്പച്ചൻ. എളിമയും, മിതത്വവും, ലാളിത്യവും അച്ചനപ്പച്ചന്റെ പ്രത്യേകതകളായിരുന്നു. എന്നാൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ വിട്ടു വീഴ്ചയില്ലാത്ത കണിശക്കാരനുമായിരുന്നു. കണ്ടുമുട്ടുന്ന ആളുകളോ ടൊക്കെ സ്നേഹത്തോടെ സംസാരിക്കാനും, കാര്യങ്ങൾ അന്വേഷിക്കു വാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞങ്ങളുടെ ചെറുപ്പത്തിൽ അച്ചനപ്പച്ചൻ ഒരിക്കൽ വീട്ടിൽവന്നപ്പോൾ തെങ്ങിൽ തേങ്ങ ഇട്ടു കൊണ്ടിരുന്ന താഴ്ന്ന ജാതിയിൽപ്പെട്ട പ്രായമുള്ള ഒരാളോട് സ്നേഹാ ന്വേഷണങ്ങൾ പറഞ്ഞപ്പോൾ ആ മനുഷ്യൻ സന്തോഷത്തോടെ താഴെയിറങ്ങിവന്ന് അച്ചനപ്പച്ചനോട് സംസാരിച്ചത് ഓർക്കുന്നു.

2003-ലെ ഹാശാ ആഴ്ചയിൽ അച്ചനപ്പച്ചൻ ബഹ്റൈനിൽ വന്ന പ്പോൾ ശുശ്രൂഷകൾക്കു ധരിക്കുന്ന കറുത്ത കുപ്പായം മറന്നു പോയിരുന്നു. അന്ന് അവിടുത്തെ ഓർത്തഡോക്സ് പള്ളി വികാരി യായിരുന്ന ഫാദർ കുര്യാക്കോസ്, അച്ചനുമായി ബോംബെയിൽ വെച്ച് വളരെ അടുപ്പമുള്ള ആളായിരുന്നു. ആ അച്ചന്റെ കുപ്പായം വാങ്ങിച്ചാണ് അച്ചനപ്പച്ചൻ ശുശ്രൂഷകളെല്ലാം നിർവ്വഹിച്ചത്. അച്ചനപ്പച്ചന്റെ സൗഹൃദങ്ങൾക്ക് അതിരുകളില്ലായിരുന്നു. ആശ്രമസ്ഥർ ദാരിദ്ര്യം എന്ന പുണ്യം അനുഷ്ഠിക്കേണ്ടവരാണെന്ന് ഞങ്ങൾ മനസ്സിലാക്കിയത് അച്ചനപ്പച്ചന്റെ വസ്ത്രങ്ങളിൽ നിന്നാണ്. പിഞ്ചിയ കോളറുമുള്ള ഷർട്ടും, കൈലിമുണ്ടും, ഒരു ഓട്ടപോലും ഇനി വീഴാൻ സ്ഥലമില്ലാത്ത ബനിയനും കാണുന്ന നമ്മൾക്ക് വിഷമമുണ്ടാക്കുമെങ്കിലും അച്ചനപ്പച്ചന് അത് ഒരു പ്രശ്നമേ ആയിരുന്നില്ല.

അച്ചനപ്പച്ചന്റെ ഒരു കുർബാനയ്ക്കിടയിലെ പ്രസംഗം ഓർത്തു പോകുകയാണ്. അതിങ്ങനെ ആയിരുന്നു.

"ഒരു ക്രിസ്ത്യാനിക്ക് ജീവിതത്തിൽ സഹനം എന്നത് ഉറപ്പായിട്ടും ഉള്ള ഒരു കാര്യമാണ്. അപ്പോൾ അത് ശപിച്ചും, ദുഷിച്ചും ജീവിക്കാതെ, യേശുവിന്റെ കുരിശിനോട് ചേർത്ത് സന്തോഷത്തോടും ക്ഷമയോടുംകൂടി ജീവിച്ചാൽ എത്ര അനുഗ്രഹപ്രദമായ ഒരു അനുഭവം ആയിരിക്കും". അച്ചനപ്പച്ചന്റെ ഈ ഒരു ഉദ്ബോധനം ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ ജീവിതത്തിൽ ഏറ്റവും അർത്ഥവത്തായി കാണുന്ന ഒന്നാണ്. സഭാ വിശ്വാസികളോടും, കുടുംബാംഗങ്ങളോടും അയൽക്കാരോടുമെല്ലാം അച്ചനപ്പച്ചന് ആത്മാർത്ഥമായ സ്നേഹവും ഐക്യവുമാണ് ഉണ്ടായിരുന്നത്. ഈ കൂട്ടത്തിൽ ആർക്കെങ്കിലും ഒരാപത്ത് വരുമ്പോൾ ആദ്യം ഓടി വരുന്നത് അച്ചനപ്പച്ചനായിരിക്കും. ഏതു വാഹനത്തിൽ സഞ്ചരിക്കുവാനും, അത് ഓട്ടോറിക്ഷ ഓടിക്കുന്ന ആളിന്റെ കൂടെ ഇരുന്നായാലും, ആരുടെ ബൈക്കിന്റെ പുറകിലിരിക്കാനാണെങ്കിലും, ഏത് ഊടുവഴികളിലൂടെ യാത്ര ചെയ്യാനാണെങ്കിലും അച്ചനപ്പച്ചന് ഒരു ബുദ്ധിമുട്ടുമില്ലായിരുന്നു. ഒരു ഭക്ഷണത്തിനോടും പ്രത്യേകമായ ഇഷ്ടങ്ങളൊന്നുമില്ലാതെ എന്തു തന്നെയാണെങ്കിലും അത് സന്തോഷത്തോടെ ഭക്ഷിച്ച് ദൈവത്തിന് നന്ദി പറയുന്ന ഒരു സ്വഭാവമായിരുന്നു അച്ചനപ്പച്ചന്റേത്.

'മക്കളേ' എന്നുള്ള അച്ചനപ്പച്ചന്റെ ആ ഒരു വിളിയും 'കൊള്ളാം നല്ലതായിരിക്കുന്നു' എന്ന ആ ഒരു പ്രോത്സാഹനവും, കുഞ്ഞുങ്ങളോടുള്ള പ്രത്യേക വാത്സല്യവും, ഒരിക്കലും മറക്കാനാവില്ല. ആ ഒരു സ്നേഹത്തിന് പകരം വയ്ക്കുവാൻ ആർക്കും ആകില്ല. അച്ചനപ്പച്ചന്റെ കുടുംബത്തിൽ ജനിക്കുവാനുള്ള ഭാഗ്യം നല്കിയ ദൈവത്തിന്റെ കരുണയെ ഓർത്ത് നന്ദി പറയുന്നു. ഞങ്ങളുടെ വല്യപ്പച്ചൻ (ബഹു.പി.സി.വർഗീസ്) വളരെ ദൈവഭക്തിയുള്ള ഒരാളായിരുന്നു. വാർദ്ധക്യത്തിലും വടി പിടിച്ച് നടന്നുപോയി വി.കുർബാനയിൽ പങ്കെടുക്കുമായിരുന്നു. ഞങ്ങൾ എപ്പോഴും പറയും. അപ്പച്ചന്റെ മനസ്സ് കണ്ട ദൈവം സമ്മാനമായി കൊടുത്തതാണ് ബർക്കുമൻസ് അച്ചൻ എന്ന 'വിശുദ്ധ'നായ മകനെ എന്ന്.

ഇന്ന് ധാരാളം മൂല്യച്യുതികളും, അപവാദങ്ങളും തിരുസഭയിൽ ഉയർന്നു നില്ക്കുന്ന ഈ സമയം, നമുക്ക് മാതൃകയായി നിൽക്കുന്നത് ഒരു ലാഭേച്ഛയുമില്ലാതെ, നിസ്വാർത്ഥനായി, എളിമപ്പെട്ട്, വിശ്വാസത്തിൽ അടിയുറച്ച്, വിശുദ്ധനായി, ചുറുചുറുക്കോടെ, വിശ്രമമില്ലാതെ ഓടി നടന്ന കാവി വസ്ത്രധാരിയായ, ബഥാന്യനായ ബർക്കുമൻസ് അച്ചൻ അഥവാ ഞങ്ങളുടെ ഏറ്റവും പ്രിയങ്കരനായ അച്ചനപ്പച്ചനാണ്. അതുകൊണ്ടുതന്നെ വിശ്വാസജീവിതത്തിൽനിന്ന് അണുവിട പിൻതിരിയാതെ സഭ നമുക്കുവേണ്ടി എന്തു ചെയ്തു എന്നതിലല്ല മറിച്ച്, ഞാൻ എന്ന വ്യക്തി എന്റെ സഭയ്ക്കുവേണ്ടി എന്തു ചെയ്തു എന്നതിന് പ്രാധാന്യം നല്കി ജീവിക്കുക എന്നത് ഒരു ക്രിസ്ത്യാനി എന്നതിലുപരി ഒരു കത്തോലിക്കനായ എന്റെ ജീവിതലക്ഷ്യമാണെന്ന് മാതൃക കാട്ടിത്തന്ന അച്ചനപ്പച്ചന്റെ പാതയാണ് ഞങ്ങളും പിൻതുടരുന്നത്. അച്ചനപ്പച്ചന്റെ ജീവിതം അടുത്തറിയുന്നതുകൊണ്ട് ഏതു സന്യസ്തരെ കാണുമ്പോഴും, ഒരു പ്രത്യേക ബഹുമാനത്തോടും, ആദരവോടും, സ്നേഹത്തോടും മാത്രമേ കാണാൻ സാധിക്കുകയുള്ളു.

പുരോഹിതരുടെ മാഹാത്മ്യവും, വിലയും ഞങ്ങളെ പഠിപ്പിച്ചു തന്ന ഞങ്ങളുടെ അച്ചനപ്പച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാൻ പ്രാർത്ഥിച്ചുകൊണ്ടും, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും, പുനരുത്ഥാനദിനത്തിൽ വീണ്ടും കാണാമെന്നുള്ള വലിയ പ്രത്യാശയോടെ...

"കർത്താവേ മഹിമാവോടെ - നിന്നെ ശുശ്രൂഷിച്ചവനൊ
താൽക്കാലിക വാസം വിട്ട് - നിന്നിലണഞ്ഞോനീ ദാസൻ
ധാർമ്മിക സിദ്ധന്മാരൊത്ത് - നിത്യം നൽകീടുക മോദം
'സർവ്വേശാസ്തുതിയെന്നേവം' നിന്നുടെ വലംഭാഗേ നിന്ന്
ഉച്ചത്തിൽ കീർത്തിച്ചീടാൻ-ആ ദാസന്നിടയാ-ക്കേ-ണം"

(കൊഹനൈത്താ, പേജ് 90)

# The Loving Saintly Berchmansachan...

**Mr. P.V. Thomas, Bar Itho Kashiro, Pune**

Berchmansachan was in close friendship and association with me mainly from 1997 to 2007 when he was the ETRI Coordinator based in Pune, although we were knowing each other from the year 1965 onwards.

There are many speaking on Berchmansachan with various points, I am restricting my memory and selecting a few events with Achan:

1. Achan came to Pune in the middle of 1965 for going to Rome for higher Bible Doctorate studies; I was in the Pune railway Station along with a few members namely Rector of Bethany Ashram, parents of Prince Pimpri and their sister Mrs.Lizykutty (now in Borivali) and we wished him good bye and he went by afternoon train to Mumbai; that was the time when I started my vibrant laity mission in Pune (after almost completing my theological studies from St.Joseph's Pontifical Seminary, Aluva).

2. Thanks to God, Achan came back after 9 years of his studies in the year 1974, and he was known as Dr.John Berchmans OIC. Along with his thesis, I think, he brought only one thing from Rome ie.. "Piaggio Vespa Scooter" and for its registration I accompanied Achan to RTO Pune for completing the various formalities; there was a big crowd to see this imported vehicle along with its owner a charming young humble Bethanian priest. After a few months I think Achan took it to Kerala for his mission work.

3. After completion of his tenure as Superior General, I think, Achan was in Bethany ashram He had a very hectic schedule in Pune for Bible teaching, starting BVP and for intensifying the Mumbai Malankara Mission alongwith very Rev.Fr.Ignatius Thangalathil OIC from the year 1990 onwards and their community stay in Jumbo Darshan was joyfully experienced by our Bishops and priests who travelled abroad through Mumbai Airport and a few laity including myself even stayed with them in that two room flat.

4. From 1997 to 2007, when Achan was the ETRI coordinator, we had a lot of hectic visits and travelling and his determination to meet a person won't stop him from his programme. I think, we had gone to Kondhwa in the night a few times to find out the owner of the plot and later purchased it thanks to God now the Exarchate and St.Mary's Cathedral Church established at Khadki. We had visited many families in Pune and his mode of conversation will include a joke, smiling face, sharing and caring with them with a concluding prayer for a happy life, which resulted Achan is locally and widely remembered in all Communities, He had a very hectic daily programme which nobody can change and he never complained of any physical pain, sickness and he was passing through all the activities of our church and communities. We need extra volume of books to describe his mission journey to Delhi, Hyderabad, Chennai, Bangalore and Mumbai.

5. I am concluding my thoughts on Achan : He was a true perfect Bethanian derived spirituality from Servant of God Mar Ivanios, Mar Gregorios Pithave Achan's brother Vincentachan, other Bethany Fathers, Sisters and ultimately from his parents and family

forefathers. I dont think, there is anyone who can boldly say “though Achan has dealt with millions of money, not even a rupee he had taken for his personal use and for any luxury needs” I have personally seen the clothes he had, same he was washing and wearing for more than past ten years or more and was restricting himself for extreme simplicity and poverty.

6. Achan was very particular to celebrate our 50th wedding anniversary blessed by Bavathirumeni on 14th July 2018 at Pattom, (although it actually falls on 8th September) but the programme was scheduled at Pirrapankodu on 13th July morning before the Padyatra continues and Achan was very happy when Bavathirumeni blessed us and felicitated. After attending the Orma perunnal at the Cathedral on 14th Sept, we came with Achan to Pune as he has to attend the funeral service of late Chempanal CM Thomas whose families also Achan loved for many years. Achan stayed with us on 14th July night and next day gone to Bethany Ashram and after attending the funeral programme he returned to Trivandrum by flight. But physically he was not well! (this event was mentioned by Bava Thirumeni during the funeral service of Achan).

On 15th morning, before going to Bethany Ashram Achan insisted me to take him to the house of Mr. John Jacob Kilannamannil who cant freely walk, and after meeting him and praying we went to Bethany ashram. His last journey to Pune was remarkable, he made the funeral sermon emphasising the salient points on the sacrament of Confession and Eucharist very much needed before exposing before the Lord Jesus (late CM thomas funeral)

On 11th August we rushed to Bethany Ashram Thiruvalla to meet him getting weak and very remarkably I like to say, Achan was celebrating a solemn Holy Qurbana in the chapel by the help of the Co.Celebrant

Fr. Augustine Chamakalayil and he was reciting the prayers very loudly, as if it was his last offering! We took lunch with him along with other Fathers and finally Achan told: “Joychaya! (a name Achan used to spread it out locally and globally) I need rest and you may go joyfully.”

On 8th September our 50th wedding anniversary concluded at Pune and 9th Achan has left for his heavenly abode, and I feel his soul is speaking to me” dear brethren I am in heaven and none of you should be lost as I am waiting for you there” Achan was the pioneer of Ecumenism in Pune for past many years, which compelled H.E.Geevarghese Coorilos of OSC Mumbai diocese to rush to Tiruvalla for attending the funeral services. Achan’s Cardiologist Dr.M. Durairaj who treated him for many years in Pune told that Achan was always very busy with his programme and overburdened but his heart was well functioning and the unknown sudden growth of the cerebra tumour has only caused his immediate departure.

I really appreciate his qualities of talking on matters doctrinally and dogmatically at the same time talking to ordinary people in simple consoling positive words and style. Let us pray Achan’s spiritual presence and intercession always for our spiritual renewal and destination.

# പിതാക്കന്മാരോടു ചേർന്ന ബഥനിപിതാവ്

**ഫാ.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**
തപോവനം ബഥനി ആശ്രമം, ആലുവ

**സൂര്യോപമം**

ബഥനിയുടെയും മലങ്കരയുടെയും യശസ്സ് അനുഗ്രഹീതമാം വിധം ഉയർത്തിപ്പിടിച്ച വ്യക്തിയായിരുന്നു ദിവംഗതനായ ബഹു.ബർക്കുമൻസച്ചൻ. സന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും മഹത്വം തന്റെ ജീവിതത്തിലൂടെ ജാജ്വല്യമാനമാക്കിയ ബഹു.അച്ചൻ നമുക്കും തലമുറകൾക്കും അഭിമാനമാണ്.

**ലാളിത്യം**

വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും സമീപനങ്ങളിലും എല്ലാ അർത്ഥത്തിലും ലാളിത്യം പുലർത്തിയിരുന്ന ബഹു.ബർക്കുമൻസച്ചൻ താപസതുല്യമായ മിതത്വത്തോടും ചൈതന്യത്തോടും നമ്മുടെ ഇടയിൽ നമ്മിലൊരാളായി ജീവിച്ച് നമ്മെ പ്രചോദിപ്പിച്ചു. ബഹു.ബോസ്കോ കുറ്റിയിലച്ചന്റെ ഭാഷയിൽ ഒരു കാര്യം മാത്രമാണാവശ്യം എന്ന് ബഥനിയിലെ മർത്തയോട് നമ്മുടെ കർത്താവരുൾ ചെയ്യുന്ന ഒരു കാര്യമാണ് ലാളിത്യംകൊണ്ട് അർത്ഥമാക്കുന്നത് എന്ന് വ്യവച്ഛേദിക്കാം. ബഹു.ബർക്കുമൻസച്ചന്റെ ജീവിതം ആ നിർവ്വചനത്തിന്റെ ഉത്തമമായ ഒരു പര്യായം തന്നെയായിരുന്നു. ആർഭാടത്തിന്റെയോ ധാരാളിത്തത്തിന്റെയും അംശംപോലും ആ ജീവിതത്തിൽ നമുക്ക് കാണാനാവില്ല. ഒരു സ്വകാര്യ സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞതോർക്കുന്നു. ബഥാനിയൻ ആദ്ധ്യാത്മികതയെപ്പറ്റി ചില കാര്യങ്ങളെങ്കിലും കൃത്യമായി പറയുന്നത് ബഹു. ബോസ്കോ അച്ചനാണ്. ലാളിത്യത്തെ പറ്റിയും മറ്റും അദ്ദേഹത്തിന്റെ നിർവചനങ്ങൾ മൗലികമാണ്. മറ്റുള്ളവരെ അംഗീകരിക്കാൻ ശ്രദ്ധാലുവായ ഒരു വ്യക്തിത്വത്തെ നമുക്ക് ഈ സന്യാസപിതാവിൽ കാണാം.

**ഊർജ്ജസ്വലത**

ഉത്സാഹിയായിരുന്ന് ഉത്സാഹിപ്പിക്കുന്ന ഒരു ചടുലത ബഹു.ബർക്കുമൻസച്ചനിൽ എന്നും ഉണ്ടായിരുന്നു. എപ്പോഴും

ഊർജ്ജസ്വലതയോടെ വിരാചിച്ചിരുന്ന ബഹു.ബർക്കുമൻസച്ചനെപ്പറ്റി മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ പറഞ്ഞതോർക്കുന്നു. "ബഹു.അച്ചൻ ഓരോ സ്ഥലത്തും എത്തുംമുമ്പ് അടുത്ത സ്ഥലത്തേക്ക് പോകുന്നതിനെപ്പറ്റിയാണ് ചിന്തിക്കുന്നത്. അദ്ദേഹം എവിടെ എത്തി എന്നതിനേക്കാൾ എങ്ങോട്ടുപോകുന്നു എന്നു ചോദിക്കുന്നതായിരിക്കും ഉചിതം." കൂട്ടത്തിലുള്ളവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കാറുള്ള ബഹു.അച്ചൻ സ്വർഗ്ഗത്തിലിരുന്ന് നമ്മെ ഉത്സാഹിപ്പിക്കുന്നു തീർച്ച. ബഹു.അച്ചന്റെ ഉത്സാഹം കൊണ്ടു മാത്രമാണ് മലങ്കര കത്തോലിക്കാ സഭയുടെ ബാഹ്യകേരള പ്രവർത്തനങ്ങൾ ഗതിവേഗം നേടിയതെന്നതിന് സംശയമില്ല. വൈദികരെയും അല്മായരെയും ബഥനി സമൂഹാംഗങ്ങളെയും അദ്ദേഹം ആവേശഭരിതരാക്കി.

**ഔദാര്യം**

സഭയായി കേരളത്തിനു വെളിയിൽ മാർത്താണ്ഡത്തിലെയും പാഡി (ചെന്നൈ)യിലെയും പ്രവർത്തനങ്ങൾ നിലനിൽക്കുമ്പോഴും പൂനാ ആശ്രമത്തിന്റെ മുന്നേറ്റങ്ങൾ പരിഗണനീയമെങ്കിലും മലങ്കരയുടേതായ സംവിധാനങ്ങൾ സഭയ്ക്കാവശ്യമാണ് എന്ന തീരുമാനത്തോടെ ബഹു.അച്ചന്റെ പ്രവർത്തനങ്ങൾ കാണാൻ സാധിക്കും. ബഹു. പൊസേന്തി അച്ചൻ ഒരു വാടകമുറിയിൽ താമസിച്ച് വഡാലയിലെയും ബൊറിവ്‌ലിയിലും മലങ്കര കുർബാന ചൊല്ലിയിരുന്നു. 1976 മുതൽ 1979 വരെ. 1980-1981 കാലഘട്ടത്തിൽ ബഹു.ലൂയീസ് മൂലവീട്ടിൽ അച്ചൻ മലങ്കര കുർബ്ബാനയുടെ ചുമതലയേറ്റെടുത്തു. 1981-1982-ൽ ഫാ.ജയിംസ് മാമ്മൂട്ടിൽ പൂനായിൽ മിനിസ്റ്ററായും അസിസ്റ്റന്റായും ജോലി ചെയ്തുകൊണ്ട് ബോംബെയിലെ വികാരിയായും സേവനം ചെയ്തു. അക്കാലത്താണ് ജംബോദർശൻ ഫ്ളാറ്റ് ബോംബെ മലങ്കര സഭയ്ക്കായിട്ട് വിലയ്ക്കു വാങ്ങിയത്. ശ്രീ.ടി.കെ.ആന്റണി (അഡ്വക്കേറ്റ്) തൈക്കടവിലും, ശ്രീ.വി.കെ.യോഹന്നാനും, ശ്രീ.ജോൺ മാത്യുവും, മറ്റനേകരും സർവ്വോപരി ബഹു.ബർക്കുമൻസച്ചനും (സുപ്പീര്യർ ജനറൽ), ബഹു.ഇഗ്നേഷ്യസ് തങ്ങളത്തിലച്ചനും (പ്രൊക്യുറേറ്റർ ജനറൽ) ഇതിനു മുൻകൈ എടുത്തു. രണ്ടേമുക്കാൽലക്ഷം രൂപാ വിലയുണ്ടായിരുന്ന ഫ്ളാറ്റിന്, രണ്ടേകാൽ ലക്ഷം ആശ്രമംവകയും അറുപതിനായിരും ബോംബെ കാതലിക് അസോസിയേഷന്റെ വകയുമാണ്. ബഹു.പൊസേന്തി അച്ചന്റെ നേതൃത്വത്തിൽ നാടകം

നടത്തിയും മറ്റുമാണ് ആ അറുപതിനായിരം സംഘടിപ്പിച്ചത് എന്നുള്ളതും സ്മരണീയമാണ്. പിന്നീട് അന്ധേരിയിൽ ഫ്ളാറ്റ് വിറ്റ് സാക്കിനാക്കായിൽ സ്ഥലവും വീടും വാങ്ങുന്നതിനും മുൻകൈ എടുത്ത് ബഹു.ബർക്കുമൻസച്ചൻ തന്നെയാണ്. അവിടെയാണ് ബഹു.ബർക്കുമൻസച്ചന്റെ നേതൃത്വപാടവം പ്രധാനമായും പ്രകടമായത്.

**ജനകീയൻ**

1974-ൽ റോമിലെ പഠനം കഴിഞ്ഞ് പൂനായിൽ റെക്ടറായി ചുമതലയേറ്റ ബഹു.ബർക്കുമൻസച്ചൻ വിദ്യാർത്ഥി സമൂഹത്തിന്റെ ആദരവ് പിടിച്ചുപറ്റി. ആശ്രമത്തിലെയും ജ്ഞാനദീപ വിദ്യാപീഠത്തിലെയും ആകർഷണീയ വ്യക്തിത്വമായി പേരെടുത്തു. ജ്ഞാനദീപ വിദ്യാപീഠിൽ പ്രൊഫസറായും സമൂഹത്തിന്റെ നാലാം ജനറൽ കൗൺസിലറായും ബഹു.അച്ചൻ പ്രവർത്തിച്ചു. 1977-ൽ പി.ഒ.സി. ബൈബിളിന്റെ പ്രവർത്തനങ്ങൾക്ക് ബഹു.അച്ചൻ നടുനായകത്വം വഹിച്ചു. 1980-ൽ ബഥനി സന്യാസി സമൂഹത്തിന്റെ സുപ്പീര്യർ ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് മലങ്കര പുനരൈക്യ സുവർണ്ണജൂബിലിയുടെ നേതാക്കളിലൊരാളായി ബഹു.അച്ചൻ പ്രവർത്തിക്കുകയുണ്ടായി.

ബഥനി പ്രസിദ്ധീകരണങ്ങൾ, പ്രത്യേകമായി അഭി.മാർ ഈവാനിയോസ് പിതാവിന്റെ ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കുകയും ജൂബിലി ആഘോഷങ്ങൾ കോട്ടയത്തുവച്ച് നടത്തപ്പെട്ടപ്പോൾ അവിടെ സംലഭ്യമാക്കുകയും ചെയ്തു. ഫാ.ജെയിംസ് മാമ്മൂട്ടിൽ എന്ന ഈ ലേഖകൻ പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ ചുമതലയേറ്റെടുത്തു. മാർ ഈവാനിയോസ് പിതാവിന്റെ സൂക്തങ്ങളും മറ്റും പ്രത്യേകം പ്രസിദ്ധീകരിക്കുകയുണ്ടായി. 1952-ൽ മാർ ഈവാനിയോസ് ജന്മശതാബ്ദി സഭയായി ആഘോഷിച്ചപ്പോൾ അതിന് നേതൃത്വം വഹിച്ചത് കൂടാതെ ബഥനിസമൂഹത്തിന്റെ നേതൃത്വത്തിലും തിരുവല്ലാ കേന്ദ്രീകരിച്ച് ആഘോഷിക്കുകയുണ്ടായി. അവിടെയെല്ലാം ബഹു.ബർക്കുമൻസച്ചനിലെ സംഘാടകനെ തിരിച്ചറിയാൻ സഭയ്ക്കും സമൂഹത്തിനും സാധിച്ചു. ശ്രീമാൻ ഏബ്രഹാം ജോസഫ് (സീനിയർ), ബഹു.ഫാ.ഇടമരം, ഡോ.ജോർജ്ജ് ഓണക്കൂർ, അഭി.പിതാക്കന്മാർ എല്ലാം വിവിധ സമ്മേളനങ്ങളിൽ സംബന്ധിച്ചത് അഭിമാനത്തോടെ ഓർക്കുകയാണ്.

## ഐതിഹാസിക നേട്ടങ്ങൾ

1983-ൽ ബഥനി വേദവിജ്ഞാനപീഠിന്റെ ഉപജ്ഞാതാവായി ബഹു.അച്ചൻ മുന്നോട്ടുവന്നതും പൂനാ ആശ്രമവും സെമിനാരിയും കേന്ദ്രീകരിച്ച് അത് സ്ഥാപിച്ചെടുത്തതും പൂനായിലെ പ്രശസ്തമായ സെമിനാരിയോടു ചേർന്ന് പൗരസ്ത്യ ദൈവശാസ്ത്രം ആഴത്തിൽ പഠിക്കുവാൻ കഴിയുന്നതും എക്കാലത്തെയും വലിയ നേട്ടം തന്നെയാണ്. കേരള കത്തോലിക്കാ സഭയ്ക്ക് മുഴുവനുമായി മലയാളം ബൈബിൾ സംലഭ്യമാക്കിയ പ്രക്രിയയിൽ സുപ്രധാനമായ ഒരു പങ്കുവഹിച്ചത് ബഹു.ബർക്കുമൻസച്ചനാണ്. ഇന്ന് മലയാളത്തിൽ നിലവിലുള്ളതിൽ ഏറ്റവും മെച്ചപ്പെട്ട ബൈബിൾ ബഹു. അച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട പി.ഒ.സി.ബൈബിൾ ആണ് എന്ന് വിവിധ മേഖലകളിൽ നിന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത് ശ്ലാഘനീയമാണ്. എല്ലാ കുടുംബങ്ങളിലും ബൈബിൾ എത്തുക എന്നതും ബഹു.അച്ചന്റെ അഭിലാഷവും സ്വപ്നവുമായിരുന്നു. ജീവിതകാലത്തുതന്നെ അതു കാണുവാൻ അച്ചനു സാധിച്ചു. ബാഹ്യകേരള സഭയുടെയും നെടുംതൂണായി അദ്ദേഹം നിലകൊണ്ടു.

## സ്വയം മറക്കുന്ന മഹത്വം, നിസ്വാർത്ഥത

ബഹു.അച്ചനോട് മണിക്കൂറുകൾ സംസാരിച്ചാലും തന്റെ നേട്ടങ്ങളെപ്പറ്റി ഒരു വാക്കുപോലും അദ്ദേഹത്തിൽനിന്ന് കേൾക്കാനാവില്ല. ചുരുക്കം ചിലരിൽ മാത്രം കാണാൻ സാധിക്കുന്ന ഒരു സവിശേഷതയാണിത്. തന്റെ പ്രവർത്തനങ്ങളെപ്പറ്റി ബഹു.ബർക്കുമൻസച്ചൻ എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യുന്നത് വിരളമായിരുന്നു. മറ്റുള്ളവർ പ്രശംസിച്ചു പറയുമ്പോഴും അല്പം തമാശ കലർത്തി അത് നിസാരവൽക്കരിക്കുകയായിരുന്നു പതിവ്.

## ബഥാന്യൻ സുതാര്യത

സമൂഹാംഗങ്ങളായ സഹ വൈദികരോടും അല്മായ സഹോദരങ്ങളോടും മറ്റ് ആളുകളോടും ഒരേ തുറവിയോടും സുതാര്യതയോടും പെരുമാറാനും സംസാരിക്കുവാനും കഴിയുക അസാധാരണമായ വൈശിഷ്ഠ്യമാണ്. ഒരുപക്ഷേ അത്യപൂർവ്വം ചിലരിൽ കാണുന്ന ഒരു സവിശേഷതയാണിത്.

**താപസൻ, മിഷനറി**

ചെറിയ ഒരു ബാഗുമായി കിട്ടുന്നത് കഴിച്ച് ഉള്ള സ്ഥലത്തുറങ്ങി ആരോടും പരിഭവമില്ലാതെ ലോഹ്യമായി സംസാരിച്ച് ഇടപഴകി നടക്കുന്ന ബഹു.ബർക്കുമൻസച്ചന്റെ വ്യക്തിത്വം ഒരു മഹാമിഷനറി യുടേതാണോ ഒരു താപസന്റേതാണോ എന്ന് തീർത്തു പറയുക വയ്യ.

**ലോകമേ തറവാട്, വിനീതഭാവൻ, നായകൻ**

ഈ ലേഖകൻ പാരീസിൽ പഠിക്കുന്ന കാലത്ത് (1987–92) ബാഹ്യ കേരള സഭയുടെ ആവശ്യത്തിനായി ഒരു മിഷൻകേന്ദ്രം സന്ദർശിക്കു വാൻ ബഹു.ബർക്കുമൻസച്ചനെത്തി. ബഹു.അച്ചനെ പ്രസ്തുത സ്ഥാപനത്തിന്റെ തലവന് പരിചയപ്പെടുത്തി. അവർ കൊടുക്കുന്ന ഏറ്റവും ഉയർന്ന സഹായം ബഹു.അച്ചന്റെ അഭ്യർത്ഥനയ്ക്ക് ലഭിക്കുകയും ചെയ്തു. ഒരു ചെറിയ കീറിയ ബാഗിൽ കുറെ പുസ്തകവുമായി പാരീസിൽ എത്തിയ ബഹു.അച്ചൻ ഒരു നല്ല ബാഗോ, പെട്ടിയോ യാത്രയ്ക്കാവശ്യമായ ചിലവേറിയ വകകളോ ഒരിക്കലും വാങ്ങാറില്ല. ബഹു.അച്ചനോളം പണം കൈകാര്യം ചെയ്ത വ്യക്തികളുണ്ടോ എന്നുതന്നെ സംശയം. പൂനായിലും ബോംബെയിലും മറ്റനേകം സ്ഥലങ്ങളിൽ മലങ്കരസഭയ്ക്കായി സ്ഥലം വാങ്ങുവാനും സ്ഥാപനങ്ങൾ, പള്ളികൾ എല്ലാം ആരംഭിക്കാനും ബഹു.അച്ചനു കഴിഞ്ഞത് നിസ്വാർത്ഥബുദ്ധിയോടുകൂടിയ ഈ സമീപനത്താലാണ്. എല്ലാ ആർഭാടവും ധൂർത്തും തന്റെ ജീവിതത്തിൽ നിന്നൊഴിവാക്കി നിർത്താൻ ബഹു.അച്ചനു സാധിച്ചു. തന്റെ സ്വഭാവത്തിന്റെ സ്വാഭാവിക ഭാഗമായിത്തന്നെ അത് മാറിയെന്നുവേണം പറയാൻ. ബാഹ്യകേരള ത്തിൽ അനേകർ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഏവർക്കും മുമ്പിലാണ് ബഹു.ബർക്കുമൻസച്ചന്റെ സ്ഥാനം. ആദ്യംമുതൽ അടിസ്ഥാനമിട്ട് പണിതുയർത്തിയതിന്റെ നേതൃത്വം അദ്ദേഹത്തിന് അവകാശപ്പെട്ട താണ്. സ്വന്തംപോലെ സഭയെ പണിതുയർത്തി എന്നുപറയുന്നതാണ് ഉചിതം.

**സഭാവബോധം, സഭൈകദർശനം**

വി.സഭയും വി.സഭാപിതാക്കന്മാരും സഭാസേവനവും തന്റെ സന്യാസവ്യക്തിത്വത്തിന്റെയും അസ്ഥിത്വത്തിന്റെയും അവിച്ഛിന്ന ഭാഗ മായി തന്നെ ബഹു.കണ്ടിരുന്നു. ആധുനിക കാലത്തെ സഭാപിതാ ക്കന്മാരോടും വിനയത്തോടും ആദരവോടും പെരുമാറുകയും സഭയ്ക്കു

വേണ്ടി സമർപ്പിക്കപ്പെട്ട ഒരു ജീവിതമായി തന്റെ ജീവിതത്തെ നോക്കിക്കാണാനും ബഹു.ബർക്കുമൻസ് അച്ചന് സാധിച്ചു. സഭാസംബന്ധമായ അറിവുകളും അവബോധങ്ങളും തന്റെ വിദ്യാർത്ഥികൾക്കും ശെമ്മാശന്മാർക്കും വിശ്വാസിസമൂഹത്തിനും അനർഗ്ഗളമായി സംലഭ്യമാക്കി. സഭയെ മാറ്റിനിർത്തി ചിന്തിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. വിശാൽ മലങ്കര വോയ്സിലും മറ്റും ധാരാളം പഠനങ്ങൾ പ്രസിദ്ധീകരിച്ച് ബാഹ്യകേരളസഭയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ബഹു.അച്ചൻ ശ്രദ്ധാലുവായിരുന്നു. ബഹു. അച്ചന്റെ ശിഷ്യന്മാരുടെ ശിഷ്യന്മാരായ മേല്പട്ടക്കാരോടും സഭാപിതാവെന്ന ആദരവ് സ്വയം കാത്തുസൂക്ഷിക്കുകയും മറ്റുള്ളവരിൽ അതു നിലനിൽക്കുവാൻ ശ്രദ്ധ ചെലുത്തുകയും ചെയ്തു എന്നുള്ളത് ആദരണീയമായ കാര്യമാണ്.

**അനശ്വരഭാവം**

മലങ്കരസെമിനാരിയിൽ ആദ്ധ്യാത്മിക പിതാവുമായിരിക്കുമ്പോൾ അവിടുത്തെ വിദ്യാർത്ഥികളോട് അടുപ്പവും ആഭിമുഖ്യവും പുലർത്തുന്ന ഒരു രീതി, ബഥാന്യൻ ലാളിത്യം തന്നെ എന്നു വ്യവച്ഛേദിക്കാം. ബാഹ്യകേരള മലങ്കര സഭയ്ക്കും മറ്റു സഭകളോടുള്ള ബന്ധത്തിലും വ്യക്തിത്വം നിലനിർത്തിക്കൊണ്ട് തന്നെ നടുനായകത്വം വഹിച്ച ബഹു.അച്ചൻ ആത്മീയ ജീവിതത്തിലും ആശ്രമജീവിതത്തിൽ തത്വങ്ങൾക്കുവേണ്ടി നിലകൊണ്ടു. അതുമൂലം ആർക്കെങ്കിലും അലോസരമുണ്ടായിട്ടുണ്ടെങ്കിലല്ലാതെ വ്യക്തിജീവിത ത്തിൽ പുലർത്തിയ തുറവി അത്ഭുതാവഹമാണ്. അനേകരുടെ ഗുരുവും മാതൃകയുമായിരുന്ന ബഹു.അച്ചൻ സഭയ്ക്കും സമൂഹത്തിനും നല്കിയ നേതൃത്വത്തെ ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

നീതിമാന്റെ ഓർമ്മ വാഴ്വിന്നായി തീരട്ടെ!

"തന്നുടെ സത്യം നീ കാത്തതിനാൽ
മ്ശിഹീ കാന്തൻ മുടി നിന്നെ ചൂടിച്ചീടും
നിൻ നയനങ്ങൾക്കരുളും ദീപ്തി
നിൻ കാതിന്നേകും മോദകരം തൻ വാക്കും"

(കൊഹനൈത്താ, പേജ് 70)

# ബഥനിയ്ക്ക് ഒരു 'ബർക്കുമൻസ് മോഡൽ'

**ഫാ. ജിയോ പോൾ ഒ.ഐ.സി.**
ബഥനി ആശ്രമം, അടിമാലി

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13:7).

**ജീവിതചര്യയുടെ ഫലം**

ബഹു.ബർക്കുമൻസച്ചന്റെ കൂടെ വെറും മൂന്നുമാസക്കാലം മാത്രം ജീവിച്ചുള്ള പരിചയമേ എനിക്കുള്ളു. ഞാൻ കാലേവാഡിയിൽ റീജൻസി പരിശീലനത്തിലായിരിക്കുമ്പോൾ അവിടെ സന്യാസാർത്ഥികളുടെ ആത്മീയഗുരുവായി ബഹു.അച്ചൻ സേവനം ചെയ്യുകയായിരുന്നു. ആ ചുരുങ്ങിയ അനുഭവത്തിൽ നിന്നും ഏതാനും കാര്യങ്ങൾ കുറിച്ചുകൊള്ളട്ടെ.

**കർമ്മനിരതൻ**

രാവിലെ എഴുന്നേല്ക്കുന്ന നേരം മുതൽ രാത്രി കിടന്നുറങ്ങുന്ന നേരംവരെ കർമ്മനിരതനായിരുന്നു ബഹു.ബർക്കുമൻസച്ചൻ.

**ദാർശനികൻ**

"ദൃശ്യതേ അതേത ഇതി ദർശനം" നാം കാണുന്നതിനപ്പുറം കാണുന്നതാണ് ദർശനം. ചെറിയ കാര്യത്തിൽ പോലും ദർശനാത്മകമായി ജീവിച്ച വ്യക്തിയാണ് ബഹു.ബർക്കുമൻസച്ചൻ.

**നിഷ്ഠാചതുഷ്ഠയൻ**

യജ്ഞം, ദാനം, അദ്ധ്യായനം, തപസ്സ് എന്നിവയിൽ നിഷ്ഠ ചെലുത്തിയിരുന്നു.

**യജ്ഞം:** ബഹു.അച്ചന്റെ ജീവിതം യജ്ഞമായിരുന്നു. അർപ്പണ ബുദ്ധിയോടെ ലോകനന്മയ്ക്കായി സ്വന്തം ജീവിതമർപ്പിച്ച യജ്ഞകൃത്ത്.

**ദാനം:** തനിക്കുള്ളതെല്ലാം സൗജന്യമായി നല്കാൻ മനസ്സുള്ള ദാതാവ്.

**അദ്ധ്യായനം:** ഉഷസ്സുമുതൽ പ്രദോഷംവരെ പഠിച്ചും വായിച്ചും എഴുതിയും ജീവിച്ചു.

**തപസ്സ്:** തീക്ഷ്ണതയാൽ ജ്വലിച്ച താപസ്സൻ.

**ലളിതവും ശോഭനവും**

അച്ചൻ ലളിതമായ ജീവിതത്തിനുടമയായിരുന്നു. വാക്കിലും പ്രവൃത്തിയിലും സ്വരൂപത്തിലും ലളിതമായി എന്നാൽ ശോഭിതനായി അദ്ദേഹം ജീവിച്ചു കാണിച്ചു.

**അവരുടെ വിശ്വാസം അനുകരിക്കുവിൻ**

ബഥനിയിലെ ഇളംതലമുറയിൽപ്പെട്ട എനിക്ക് ബഹു.ബർക്കുമൻസച്ചന്റെ ജീവിതം ഒരു പാഠമാണ്. നന്മ ചെയ്യുവാനും തീക്ഷ്ണവാനാകാനും നിഷ്ഠാപരമായി ജീവിക്കാനും എന്നെ പ്രചോദിപ്പിക്കുന്ന വ്യക്തിത്വം.

പൂർവ്വകാലഘട്ടങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചവനായ ദൈവത്തിൽ വിശ്വാസമുറപ്പിച്ച് ജീവിക്കുവാൻ ഓരോ ആശ്രമസ്ഥനും സാധിക്കട്ടെ. ബഥനിക്ക് അഭിമാനിക്കാം. എല്ലാവർക്കും മാതൃകയാക്കാൻ പറ്റിയ ഒരു 'ബർക്കുമൻസ് മോഡൽ' സ്വന്തമായി ഉള്ളതിന് ഈ ചൈതന്യം തുടർന്നു കൊണ്ടു പോകാൻ നമുക്ക് സാധിക്കട്ടെ.

"നിന്റെ അളവറ്റ കരുണ ഈ ആചാര്യന് നൽകിക്കൊണ്ട് നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ നിരയിൽ ക്രമീകരിക്കപ്പെടുവാനും ആദി മുതൽ നിന്നെ പ്രീതിപ്പെടുത്തിയ നിന്റെ വാത്സല്യ ഭാജനങ്ങളോടു കൂടെ വിശ്രമമടയുവാനും ഈ ദാസനു സംഗതിയാക്കണമേ. പ്രധാന പിതാക്കന്മാരുടെ മോദകരമായ മടിയിൽ ഈ ആചാര്യൻ ആനന്ദിക്കു മാറാകണമേ."

(കൊഹനൈത്താ, പേജ് 94)

# കർമ്മ യോഗിയായ ബഥാനിയൻ

**ബ്രദർ അലൻ തോമസ് ഒ. ഐ. സി.**

നരാവരണമായ താടിമീശ കുലുക്കിയുള്ള ചിരിയും.... ലാളിത്യം വിളിചോതുന്ന കാഷായ വസ്ത്രവും..... നർമ്മരസം തുളുമ്പുന്ന സംഭാഷണശൈലിയും..... ഫാ. ബർക്കുമാൻസ് എന്ന പേരു കേൾക്കുമ്പോൾ ഉള്ളിലേക്കു ഓടിയെത്തുന്ന രൂപം. എവിടെ വെച്ചുകണ്ടാലും ഒരു കൈ ഉയർത്തി "Hello Brother, How are you?" എന്ന് ഉച്ചത്തിൽ ചോദിക്കുന്ന പിതൃവാത്സല്യത്തിന്റെ ഉടമയായിരുന്ന ബഹു. അച്ചന്റെ പാവന സ്മരണയ്ക്കു മുൻപിൽ ശിരസ്സ് നമിക്കുന്നു.

ബഥനിയുടെ ഇളം തലമുറക്കാർ എന്ന നിലയിൽ ഒരുപാട് നാൾ ഒപ്പം ജീവിച്ചിട്ടുള്ള അനുഭവം ഇല്ലെങ്കിലും വളരെ ചുരുങ്ങിയ കാലഘട്ടത്തെ പരിചയം ബർക്കുമാൻസ് അച്ചന്റെ ജീവിതത്തെ മാതൃകയാക്കുവാൻ ഞങ്ങൾക്കു പ്രചോദനമായി. തന്റെ അറിവും, പഠനവും കൊണ്ട് പി.ഒ.സി മലയാളം ബൈബിളിൽ കൈയോപ്പു ചാർത്തിയ അച്ചന്റെ ജീവിതം മുഴുവൻ ബൈബിളിലെ മൂല്യങ്ങളാകുന്ന ജ്ഞാനം കൊണ്ട് കൈയൊപ്പു ചാർത്തപ്പെട്ടതായിരുന്നു. അറിവ് ജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോളാണ് വിദ്യയുടെ നന്മ വെളിവാകുനത് എന്ന കാര്യം അച്ചൻ തന്റെ ജീവിതത്തിലൂടെ അന്വർത്ഥമാക്കി. വി. ലൂക്കോസിന്റെ സുവിശേഷം ഐശ്ചിക വിഷയമായി പഠിച്ച അച്ചൻ തന്റെ അറിവു മുഴുവൻ ജീവിതത്തിൽ പ്രാവർത്തികമാക്കി. വി. ലൂക്കാ സുവിശേഷകൻ നമുക്കു കാണിച്ചു തരുന്ന സൗമ്യനായ, തന്റെ ദൗത്യത്തിൽ തീക്ഷണതയുള്ള, ലാളിത്യം ഉള്ള, മനുഷരിലേക്ക് ഇറങ്ങിച്ചെല്ലുന്ന ക്രിസ്തുവിനെ മാതൃകയാക്കി തന്റെ മാനുഷിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് അവിടുത്തെ അനുകരിച്ച ഒരു സന്ന്യാസ വൈദികനാണ് ബഹു. ബർക്കുമാൻസ് അച്ചൻ.

ബഥാനിയൻ ജീവിതത്തിന്റെ അന്തസ്സത്തയായ പ്രാർത്ഥനയും പ്രവർത്തനവും കോർത്തിണക്കി തന്റെ ജീവിതത്തെ ക്രമീകരിച്ച അച്ചൻ പ്രേഷിത പ്രവർത്തനത്തിൽ ബഥനിയുടെ ശക്തമായ ഒരു മുഖവും മലങ്കര കത്തോലിക്ക സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഒരു കൈവഴിയും ആയിരുന്നു. മാതൃകയാക്കാവുന്ന ഒരു നല്ല ബഥനി സന്ന്യാസി

എന്നതുപോലെ തന്നെ അച്ചന്റെ പ്രേഷിത പ്രവർത്തനവും വളരെ അനുകരണീയവും ഫലപ്രദവുമാണ്. അച്ചന്റെ അജപാലന ശുശ്രൂഷകൾക്കും, കർമ്മ രംഗങ്ങൾക്കും ശക്തി പകർന്നത് നിഷ്ഠയോടും അച്ചടക്കത്തോടുമുള്ള സന്ന്യാസ ജീവിതവും, ആടിന്റെ മണമറിയുന്ന ഇടയനടുത്ത മനോഭാവവും ആയിരുന്നു.

**നിഷ്ഠയുള്ള സന്ന്യാസ ജീവിതം**

ലോകം കണ്ട ഏറ്റവും വലിയ ദൈവരാജ്യ പ്രഘോഷകനായ ക്രിസ്തു സർവ്വ സംഗ പരിത്യാഗിയായ ഒരു സന്ന്യാസി ആയിരുന്നു. കൃത്യമായ പ്രാർത്ഥനയും അനുചിതമായ പ്രവർത്തനങ്ങളും അവന്റെ കർമ്മ രംഗങ്ങൾക്ക് മിഴിവേകി. ബഥാനിയൻ ചൈതന്യം അതുപോലെ ഉൾക്കൊണ്ട ബർക്കുമാൻസ് അച്ചനും ഇതുതന്നെയാണ് ചെയ്തത്. സന്ന്യാസമാകുന്ന അടിത്തറയിലാണ് അദ്ദേഹം തന്റെ പ്രേഷിത പ്രവർത്തനങ്ങൾ പണിതുയർത്തിയത്. നിർമമതയുള്ള ഒരു സന്ന്യാസിക്കു മാത്രമേ ലാഭേശ്ചയില്ലാതെ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്ന് തന്റെ ജീവിതം വഴിയായി ആദ്ദേഹം സാക്ഷ്യം നല്കി. സന്ന്യാസോചിതമായ ഒരു പിൻവാങ്ങൽ അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനത്തിൽ നമുക്ക് കാണാൻ സാധിച്ചു.

**ആടിന്റെ മണം ഉള്ള ഇടയൻ**

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ഈ വാക്കുകൾ അച്ചന്റെ ജീവിതത്തിൽ വിളങ്ങി നിന്നിരുന്നു. തന്റെ ജനത്തിന്റെ ആവശ്യം എന്താണെന്നു കൃത്യമായി തിരിച്ചറിഞ്ഞ് കൃത്യസമയത്ത് അവർക്കു ഭക്ഷണം കൊടുക്കുവാൻ അച്ചന് സാധിച്ചു. ദൈവജനവുമായുള്ള ബന്ധം അത്ര അഗാധമായിരുന്നു. ഇടയൻ പേരു ചൊല്ലി വിളിക്കുന്നതുപോലെ അദ്ദേഹം ദൈവജനത്തെ അറിയുകയും, സഹായിക്കുകയും ഒപ്പമായിരിക്കുകയും ചെയ്തു. തന്നെ ഭരമേല്പിച്ചിരുന്ന വിശ്വാസ സമൂഹത്തിന്ന് സത്യത്തിന്റെ പാത തെളിച്ച് ആ അജഗണത്തെ വിശ്വസ്തതാപൂർവ്വം നയിക്കുവാൻ ബഹുമാനപ്പെട്ട ബർക്കുമാൻസ് അച്ചൻ ഉത്സാഹിച്ചിരുന്നു. തന്റെ ജനത്തിനുവേണ്ടി ജീവനർപ്പിച്ച നല്ലിടയനായ യേശുവിന്റെ അജപാലനമായ സ്നേഹം എപ്പോഴും മറ്റുള്ളവരുമായി പങ്കുവക്കുവാനും സന്ന്യാസമാകുന്ന ദണ്ഡ് വഹിച്ചു കൊണ്ട് ദൈവജനത്തെ

വിശ്വാസത്തിൽ നയിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. രോഗബാധിതനായി അച്ചൻ ശയ്യാവലംബൻ ആയിരുന്ന ദിനങ്ങളിൽ പ്രായഭേദമന്യേ ബർക്കുമാൻസ് അച്ചനു വേണ്ടി ഉയർന്നിരുന്ന ദൈവജനത്തിന്റെ പ്രാർത്ഥനാ മഞ്ജരികൾ എന്നും അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെ വിളിച്ചോതുന്നു. അച്ചന്റെ ശവസംസ്കാര ശുശ്രൂഷയിലെ ജന സാന്നിധ്യവും, അനുസ്മരണ പ്രഭാഷണങ്ങളും ഇതു തന്നെയാണ് കാണിച്ചു തരുന്നത്.

ബിഷപ്പ് ഫുൾട്ടൻ. ജെ. ഷീൻ "തന്റെ പുരോഹിതൻ അവന് സ്വന്തം അല്ല" എന്ന കൃതിയിൽ ഓർമ്മിപ്പിക്കുന്നത് അച്ചന്റെ ജീവിതവുമായി ചേർത്തു വായിക്കാവുന്നതാണ്. അത് ഇപ്രകാരമാണ് "ഓ, പുരോഹിതാ, നീ ആരാകുന്നു? നീ നിന്നിൽ നിന്നു തന്നെയുള്ളവനോ? അല്ല! നീ ശൂന്യതയിൽ നിന്നും ഒന്നും ഇല്ലായ്മയിൽ നിന്നും ഉള്ളവനത്രെ! നീ, നിന്നെത്തന്നെ സേവിക്കുവാനുള്ളവനോ? അല്ല! നീ ദൈവസന്നിധിയിലെ മധ്യസ്ഥനത്രെ! നീ നിനക്കുവേണ്ടിത്തന്നെയുള്ളവനോ? അല്ല! നീ ദൈവജനത്തിനുവേണ്ടി ജീവിക്കുവാൻ കടപ്പെട്ടവനത്രെ! നീ നിന്റേതോ? അല്ല! നീ എല്ലാവരുടേയും സേവകനത്രെ! നീ, നീ തന്നെയോ? അല്ല! നീ മറ്റൊരു ക്രിസ്തുവത്രേ! പറയൂ അപ്പോൾ നീ ആരാണ്? നീ എന്താണ്? ഒന്നുമില്ലായ്മയും സർവ്വതുമായവൻ തന്നെ......"

*Dear Berchmans Achan*

*You were the soul and spirit, voice and wisdom of Bethany Ashram. You were a role model to many, you are a house hold name in every Christian family through the Bible, like Nathaniel, you were truly a Bethanian. Miss you now, in our Centenary Year. May your love for God keep you in his love.*

*Pray for us*

# ബഥനിയുടെ വചനോപാസകൻ

ബ്രദർ അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.

ബഥനി സന്യാസി സമൂഹത്തെ കണ്ണീരിലാഴ്ത്തുന്ന ചില ഓർമ്മകളാൽ ബഥനിശബ്ദത്തിന്റെ ഈ ലക്കം വേറിട്ടു നിൽക്കുന്നു. സ്വർഗ്ഗത്തിൽ നമുക്കൊരു മദ്ധ്യസ്ഥനെ ലഭിച്ചു എങ്കിലും അദ്ദേഹത്തിന്റെ ജീവിതസാന്നിദ്ധ്യത്തിന്റെ അഭാവം ഒരു കുറവു തന്നെയാണ്. ഈ പതിപ്പിന്റെ താളുകളിൽ കൂടി കടന്നുപോകുമ്പോൾ ബഹു.ബർക്കുമൻസച്ചനെ അടുത്തറിയുന്നവർ, കൂടെയായിരുന്നവർ അനുഭവകുറിപ്പുകളിലൂടെയും ജീവിതസാക്ഷ്യങ്ങളിലൂടെയും ബഹു.ബർക്കുമൻസച്ചനെ ചിത്രീകരിക്കുമ്പോൾ, വളരെ കുറച്ച് അടുത്തറിയുകയും എന്നാൽ വളരെയധികം അദ്ദേഹത്തെപറ്റി കേൾക്കുകയും ചെയ്ത അറിവിന്റെ പശ്ചാത്തലത്തിൽ, അദ്ദേഹത്തെപറ്റി ഒരു ചെറിയ ഓർമ്മക്കുറിപ്പ് എഴുതാനാഗ്രഹിക്കുന്നു.

ഞാൻ ബഥനി ആശ്രമത്തിൽ ചേർന്നിട്ട് ഏഴുവർഷങ്ങൾ പൂർത്തിയാവുന്നു. ആശ്രമത്തിൽ ചേരുന്നതിനുമുമ്പേ ഞാൻ കേട്ടറിഞ്ഞിട്ടുള്ള ബഹു.ബർക്കുമൻസച്ചനെ എന്റെ നവശിഷ്യപരിശീലന കാലഘട്ടത്തിലാണ് ഞാൻ അടുത്തറിയുന്നത്. വി.കുർബാനയെക്കുറിച്ച് ഞങ്ങൾക്ക് ക്ലാസെടുക്കാൻ അദ്ദേഹം എത്തിയതായിരുന്നു. ക്ലാസിൽ അദ്ദേഹം ഉപയോഗിച്ച പ്രയോഗങ്ങൾ, ശൈലികൾ എല്ലാം വളരെ കൗതുകമുണർത്തുന്നവയായിരുന്നു. വി.കുർബാനയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങളുടെ അർത്ഥം മനസ്സിലാക്കിയപ്പോൾ അതിൽ അർത്ഥവത്തായി പങ്കുചേരുവാൻ ആ ക്ലാസുകൾ സഹായിച്ചിട്ടുണ്ട്.

ധന്യമായ ഒരു ജീവിതകാലംമുഴുവൻ ദൈവവചനപഠനം തപസ്യയാക്കുകയും, താൻ പഠിച്ച് ബോധ്യമാക്കിയ വചനസന്ദേശം തന്റെ ശിഷ്യഗണത്തിന് ശാസ്ത്രീയമായി പറഞ്ഞുകൊടുക്കുകയും ചെയ്ത ഒരു വചനോപാസകൻ. തന്റെ ജീവിതത്തിലുടനീളം മലങ്കരസഭയെയും ബഥനി സന്യാസി സമൂഹത്തെയും അകമഴിഞ്ഞ് പ്രണയിച്ച, തന്റെ ജീവിതകാലമത്രയും സഭയുടെ പ്രേഷിതപ്രവർത്തനത്തിന് സ്വയം വ്യയം ചെയ്ത ആശ്രമശ്രേഷ്ഠൻ. ബഹു.ബർക്കുമൻസച്ചനെ തന്റെ അവസാനനാളുകളിൽ ബഹു.ടെനി മാത്യു ശെമ്മാശനും,

ബഹു.ഷൈജു കുടായിൽ ശെമ്മാശനുമാണ് ശുശ്രൂഷിച്ചത്. ബഹു.ടെനി മാത്യു ശെമ്മാശൻ ഇപ്രകാരം പറഞ്ഞു: "അച്ചന് ഇടയ്ക്ക് ഓർമ്മ വരുമ്പോൾ പൂനായിലെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും BVP കോഴ്സുകളെപ്പറ്റിയും ഒക്കെയാണ് സംസാരിച്ചുകൊണ്ടിരുന്നത്. ആ സമയത്ത് അച്ചന്റെ മുഖഭാവം മാറുകയും, കണ്ണുകൾക്ക് ഒരു പ്രത്യേക തിളക്കവും, മുഖപ്രസന്നത കൈവരികയും ചെയ്യുമായിരുന്നു." ഇതെല്ലാം ഒരു തികഞ്ഞ സഭാസ്നേഹിയുടെ അടയാളങ്ങളായിരുന്നു. അച്ചന്റെ അബോധമനസ്സിൽപോലും സഭയെക്കുറിച്ചും തന്റെ സന്യാസി സമൂഹത്തെക്കുറിച്ചും അവിടെ പരിശീലനത്തിലായിരിക്കുന്ന കുഞ്ഞനുജന്മാരെക്കുറിച്ചുമുള്ള ചിന്തകളായിരുന്നു എന്നുകേട്ടപ്പോൾ കണ്ണുകൾ നിറഞ്ഞുപോയി.

കാവിനിറത്തിലുള്ള ഷർട്ടും പാന്റ്സും, കറുത്ത ബാഗും ചിലപ്പോൾ കുപ്പായത്തിന് ചേരാത്ത ഇടക്കെട്ടുമൊക്കെ അദ്ദേഹത്തിന്റെ ലളിതജീവിതത്തിന്റെ പ്രതീകങ്ങളായി തോന്നുന്നു. എത്തിപ്പിടിക്കാൻ കഴിയാത്ത ജീവിതദർശനങ്ങൾ സ്വായത്തമാക്കാനുള്ള ഒരു വെല്ലുവിളിയാണ് അങ്ങയുടെ ധന്യമായ ജീവിതം ഞങ്ങൾ രൂപീകരണാനുഭവത്തിൽ ആയിരിക്കുന്നവർക്ക് നല്കുന്നത്.

പ്രിയ ബർക്കുമൻസച്ചാ, അങ്ങയുടെ പുഞ്ചിരിക്കുന്ന മുഖം ഞങ്ങൾക്ക് നഷ്ടമായി. അങ്ങയുടെ സ്നേഹവും, പിതൃസഹജമായ വാത്സല്യവും ഞങ്ങൾക്കു നഷ്ടമായി. അങ്ങയുടെ തമാശകൾ ഞങ്ങൾക്ക് നഷ്ടമായി. അങ്ങയുടെ ചിന്തോദ്ദീപകങ്ങളായ ക്ലാസുകൾ ഞങ്ങൾക്ക് നഷ്ടമായി. പക്ഷേ ഒരിക്കലും അങ്ങ് ഞങ്ങൾക്ക് കാണിച്ചു തന്ന ബഥാന്യൻ ലാളിത്യം, കഠിനാദ്ധ്വാനം, പ്രാർത്ഥനാജീവിതം, ജീവിതസമർപ്പണം എന്നിവ ഞങ്ങൾക്ക് നഷ്ടമാകില്ല. കർത്താവിനെ അടുത്തനുകരിക്കുന്നതിൽ അച്ചൻ കാണിച്ചുതന്ന ദാരിദ്ര്യത്തിന്റെയും പരസ്നേഹത്തിന്റെയും മാതൃക തികച്ചും അഭിനന്ദനാർഹമാണ്, ഹൃദയ സ്പർശിയാണ്. ബഥനിയുടെ വചനോപാസകാ, സമാധാനത്താലെ പോവുക! സ്വർഗ്ഗരാജ്യത്തിൽ അങ്ങയെ കാണുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

# ഒരു യഥാർത്ഥ ബഥാനിയൻ....

“ഫാ.ജോൺ ബർക്കുമാൻസ് എന്ന ബഥനിയുടെ താപസവര്യനെ, അച്ചന്റെ വീട്ടുകാരേക്കാളും ബന്ധുക്കളേക്കാളും സഹ സന്യസ്തരേക്കാളും ഏറ്റവും കൂടുതൽ സ്നേഹത്തോട് തങ്ങളുടെ നെഞ്ചിൽ ചേർത്തു വെച്ചത് പൂനെ, മുംബൈ എന്നീ സ്ഥലങ്ങളിൽ ചേക്കേറിയ മലങ്കര മക്കളാണ് എന്നു പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. കാരണം ബാഹ്യകേരള മലങ്കര മക്കൾ ഇന്ന് ഈ നിലയിൽ, രൂപതാ, എസ്കാർക്കേറ്റ്, മിഷൻ കേന്ദ്രങ്ങളായി വളർന്ന് സഭയോടു ചേർന്നു നില്കുന്നു എങ്കിൽ അതിനു കാരണം വന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ വിശാല വീക്ഷണവും അതോടൊപ്പം ശ്രേഷ്ഠരായ ബഥനി വൈദികരുടെ ആത്മാർത്ഥമായ ദൈവീകശുശ്രൂഷയും ഇതിനെയെല്ലാം ഒത്തൊരുമിപ്പിച്ച് അഹോരാത്രം പ്രയത്നിച്ച് ഒരു ഭിക്ഷുവിനെപ്പോലെ ലോകം ചുറ്റി, കൈകൾ നീട്ടി, മലങ്കരസഭയെ വളർത്തുവാൻ തന്റെ ജീവിതം ഉഴിഞ്ഞുവെച്ച മഹാമനസ്ക്കനായ ബഹു.ബർക്കുമാൻസ് അച്ചന്റെ മിഷൻ പ്രവർത്തനവും ആയിരുന്നു എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

വിശുദ്ധനായി ജീവിച്ച് വിശുദ്ധിയോടുകൂടി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടപ്പോൾ, അച്ചന്റെ ആത്മാവ് ദൈവസന്നിധിയിൽ ആയിരുന്നുകൊണ്ട് നമ്മുക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് ഉറച്ച് വിശ്വസിക്കുന്നു. കാരണം അച്ചന് ഭൂമിയിൽ ജീവിച്ചിരുന്നത് സ്വന്തമായി എന്തെങ്കിലും നേടാനോ, നേടിയെടുക്കാനോ ആയിരുന്നില്ല. പിന്നെയോ തന്റെ സഭയ്ക്കുവേണ്ടി, സമൂഹത്തിനുവേണ്ടി, എളിമയുടെ പര്യായമായി. അത് ഇടുന്ന ചപ്പൽ മുതൽ സഞ്ചരിച്ചിരുന്ന വാഹനംവരെ നമ്മുക്ക് കാട്ടിത്തന്നു. 1997 മുതൽ അച്ചനെ അടുത്തറിയാൻ സാധിച്ച എനിക്ക് അദ്ദേഹത്തിന്റെ കൂടെ പല ഏരിയാകളിലും ഒന്നിച്ചു വർക്ക് ചെയ്യാൻ സാധിച്ചു. ബാഹ്യകേരള മിഷനുകളിലെ പ്രത്യേകിച്ച് മുംബൈ, പൂനെ, ഡൽഹി സണ്ടേസ്കൂൾ കുട്ടികൾക്ക് ടെക്സ്റ്റ് ബുക്ക് ഉണ്ടാക്കുന്നതിലും, വിക്രോളി എന്ന സ്ഥലത്ത് ഒരു ചാല് വാങ്ങി വി.കുർബാന ആരംഭിക്കുന്നതിനും, (ഇന്നത്തെ ഹോളി ഫാമിലി ചർച്ച്), 2006-ൽ അച്ചനോടൊപ്പം പൂനെ കഡ്ക്കിയിൽ താമസിച്ചുകൊണ്ട്, ‘വിശാൽ മലങ്കര വോയ്സ്’ എന്ന ആദ്യത്തെ പ്രസിദ്ധീകരണത്തിനു ചുക്കാൻ പിടിക്കുന്നതിനും പിന്നീട് മുംബൈയിൽ തിരിച്ചെത്തി പല കാര്യങ്ങളിലും കോർഡിനേറ്റ് ചെയ്യാനും അച്ചനെ സഹായിക്കുന്നതിനും സാധിക്കുകയുണ്ടായി. അന്നുമുതൽ ഈ കഴിഞ്ഞ ജൂലൈ

മാസം അവസാന ആഴ്ച മലങ്കര മേജർ സെമിനാരിയിൽവെച്ച് അവസാനമായി കണ്ട ദിവസം വരെ, അച്ചന്റെ ആ സ്നേഹം, ചിരിച്ചു കൊണ്ടുള്ള ആ സംസാരം, കരുതൽ, അത് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല.

അച്ചന്റെ ആ പുഞ്ചിരിക്കുന്ന മുഖം... എന്തു പ്രശ്നങ്ങളും വളരെ ശാന്തതയോട് കൈകാര്യം ചെയ്തിരുന്ന ഒരു വ്യക്തിത്വം... എല്ലാവരേയും ഒരുപോലെ കാണുന്നതിനും ആരുടെ ഭവനത്തിലും കയറിചെല്ലുന്നതിനും വിശപ്പിനു കിട്ടുന്നത് സന്തോഷത്തോടെ കഴിക്കുന്നതും ഏതു ബസ്സിലും ലോക്കൽ ട്രെയിനിലും സ്കൂട്ടറിന്റെ പുറകിലും ഇരുന്ന് യാത്ര ചെയ്യുന്നതും സോഫയിലോ മെത്തയിലോ ബെഡിലോ കസേരയിലോ ഇരുന്ന് ഉറങ്ങുന്നതും ഏത് സ്റ്റേഷനിലും നിന്ന് നാരങ്ങാ വെള്ളം കുടിക്കുന്നതോ വടാപാവ് കഴിക്കുന്നതോ അച്ചനെ സംബന്ധിച്ച് ഒരു പുതുമ അല്ലായിരുന്നു. ഉള്ളതുകൊണ്ട് ഓണം എന്ന് പറയുന്നതുപോലെ ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് സന്തോഷത്തോടെ ജീവിതത്തിൽ മുന്നോട്ടുപോയ ഒരു യഥാർത്ഥ സന്യാസവര്യന് പകരം വെയ്ക്കാനില്ലാത്ത ഒരു ബഥനി ശ്രേഷ്ഠന്...! അച്ചനെക്കുറിച്ച് പറയാൻ ഒത്തിരി ഒത്തിരി കാര്യങ്ങൾ.... ധാരാളം സംഭവങ്ങൾ... പൂനെയിൽനിന്ന് പാസഞ്ചർ ട്രെയിനിന്റെ ലഗ്ഗേജ് കമ്പാർട്ട്മെന്റിൽ യാത്ര ചെയ്തതും, മുറി ഹിന്ദിയിൽ സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നതും തിരിച്ചിട്ട കുപ്പായവുമായി കുർബാനയ്ക്ക് ഇറങ്ങിവന്നതും... കപ്പ പുഴക്കും മുളകുചമ്മന്തിയും ബ്രേക്ഫാസ്റ്റിനു ഉണ്ടാക്കി തന്നിരുന്നതും ഒന്നും മനസ്സിൽ നിന്ന് ഇന്നും മായുന്നില്ല.

ഓർമ്മശക്തി അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചിരുന്നു എന്നൊഴിച്ചാൽ ബൈബിളിൽ അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന അച്ചന്റെ പേരുപോലും ഇന്ന് പി.ഒ.സി. ബൈബിളിന്റെ ആമുഖത്തിൽ നമുക്ക് കാണാൻ സാധിക്കും. മലങ്കരസഭയ്ക്ക് പ്രത്യേകിച്ച് ബഥനിക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു വൈദീകശ്രേഷ്ഠന്...!! അതേപോലെ ബാഹ്യകേരള മലങ്കര മക്കൾക്കും....!

പ്രിയ അച്ചാ... സമാധാനത്താലെ വസിക്കുക.... സ്വർഗ്ഗത്തിൽ ആയിരുന്നുകൊണ്ട് ഞങ്ങൾക്കുവേണ്ടിയും അപേക്ഷിക്കണമേ..."

*(മരണശേഷം അച്ചനെപ്പറ്റി ബഥാന്യൻസ് എന്ന വാട്സ് ആപ് ഗ്രൂപ്പിൽ വന്ന അനുസ്മരണക്കുറിപ്പ്)*

# കാലത്തെ പ്രകാശിപ്പിച്ച താപസവിളക്ക്

"Our hearts were made for You, O Lord, and they are restless until they rest in you - St. Augustine of Hippo. നിത്യതയിൽ വിലയം പ്രാപിക്കുംവരെ അവിശ്രാന്തം ജാഗരകൂകനായ ആ ബഥാന്യന് നിത്യവിശ്രമത്തിനായി യാത്രയായി. പ്രിയപ്പെട്ട ബർക്കുമാൻസ് അച്ചൻ, 'ദാ ഇവിടെ വരെ' എന്നു പറയുംപോലെ നമ്മുടെ കൺമുന്നിൽ നിന്നും പോയി.

ജീവിതവിജയത്തിന്റെ പുണ്യസോപാനത്തിലേക്ക് നടന്നു കയറുകയും ഈ കാലത്തെ താപസ ചൈതന്യത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത കർമ്മയോഗിയാണ് ബഥനി ആശ്രമസ്ഥനായ ബഹുമാനപ്പെട്ട ജോൺ ബർക്കുമാൻസ് അച്ചൻ. സഭാവിജ്ഞാനീയരിൽ ബൈബിൾ പണ്ഡിതനും ബൈബിൾ പണ്ഡിതരിൽ സഭാവിജ്ഞാനീയനും ആയ ആചാര്യശ്രേഷ്ഠന്, വാക്കുകൾക്കും കർമ്മങ്ങൾക്കും അഭൗമമായ ദാർശനിക ഭാവം നല്കി ചിന്തകളെ പ്രവാചക ശബ്ദമാക്കിയ ഗുരുവര്യന്, സന്യാസ സമൂഹനിയങ്ങളും അനുഷ്ഠാനങ്ങളും വ്യക്തിജീവിത്തിൽ കാർക്കശ്യത്തോടെ പാലിച്ചിരുന്ന താപസന്, ബൈബിളിൽ കേന്ദ്രീകൃതവും ആരാധനാധിഷ്ഠിതവുമായ പ്രാർത്ഥന-ധ്യാനശൈലികൾ പഠിപ്പിക്കുന്നതിനും, പരിശീലിക്കുന്നതിനും ഉത്സുകനായ ധ്യാനഗുരു, കഠിനപ്രയത്നത്തിലൂടെ നേടിയെടുത്ത പാണ്ഡിത്യവും പ്രായോഗികജ്ഞാനവും പകർന്ന് തലമുറകളെ പ്രചോദിപ്പിക്കുകയും ജീവിതംകൊണ്ട് വെല്ലുവിളിക്കുകയും ചെയ്ത, മനീഷി, എഴുത്തിന്റെയും അദ്ധ്യാപനത്തിന്റെയും ജ്ഞാന വായനയുടെയും ആഴത്തെ തൊട്ടറിഞ്ഞ അനിതരസാധാരണമായ മഹാത്മാവ്, ക്രിസ്തുവിലേക്ക് ആയിരങ്ങളെ ആനയിക്കുവാൻ ഭാരതത്തിന്റെ അങ്ങളോമിങ്ങോളം അവിശ്രാന്തം ഓടിയ മിഷനറി, ഊർജ്ജസ്വലൻ, കർമ്മകുശലൻ, മനുഷ്യസ്നേഹി ആ പുണ്യജീവിതത്തെ എത്ര വർണ്ണങ്ങൾകൊണ്ട് വരച്ചെടുക്കാനാവും?

"പൂർണ്ണമായി സജീവനായ ഒരു മനുഷ്യജീവിയാണ് ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നത്" (വിശുദ്ധ ഇരണേവൂസ്) ചിന്തകളിലോ ബോധ്യങ്ങളിലോ ശാരീരിക ചലനങ്ങളിലോ അച്ചന് പ്രായമേറുന്നു എന്ന തോന്നൽ നമുക്ക് ഉണ്ടാകാത്തവിധം കർമ്മ നിരതനായിരിക്കുന്ന കർമ്മകശലനാണ് ആണ് അദ്ദേഹം 'അച്ചന് പ്രായ

മേറുന്നു... ശ്രദ്ധിക്കണം' എന്ന് പറയുമ്പോൾ 'ഓഹോ... അതൊക്കെ അച്ചന്റെ തോന്നലാണ്' എന്ന് പറയുകയും അച്ചാ, അച്ചന്റെ ബാഹ്യചലനങ്ങൾ അത് വെളിപ്പെടുത്തുന്നു' എന്നതിന് മറുപടിയായി 'ആയിക്കോട്ടെ ആയിക്കോട്ട', എന്ന് പറഞ്ഞു നടന്നു നീങ്ങുകയും ചെയ്യുന്ന അച്ചനെയാണ് നമുക്ക് കാണുവാൻ കഴിയുക. ജോലികൾ, പഠനം, വായന, അധ്യാപകനം, മിഷൻ പ്രവർത്തനങ്ങൾ, യാത്രകൾ, എല്ലാത്തിനും അച്ചന് എപ്പോഴും കഴിയുന്നത്, അടിസ്ഥാനപരമായി ആരോഗ്യം ഒരു ആന്തരിക മനോഭാവമാണ് എന്ന് അച്ചൻ വിശ്വസിക്കുന്നതിന്റെ തെളിവാണ്.

മനുഷ്യബന്ധങ്ങളുടെ വിജയമോ പരാജയമോ വ്യക്തമാക്കപ്പെടുന്നത് ആശയവിനിമയത്തിനുള്ള വിജയത്തെയും പരാജയത്തെയും ആശ്രയിച്ചാണ്' എന്നുള്ള ജോൺ പവ്വലിന്റെ വാക്കുകൾ ബഹുമാനപ്പെട്ട അച്ചന്റെ ജീവിതത്തോടു ചേർത്തുവച്ചു വായിക്കുമ്പോൾ, മനുഷ്യബന്ധങ്ങളിലെ അച്ചന്റെ വിജയം, വലിപ്പച്ചെറുപ്പമില്ലാതെ സംവദിക്കുവാനുള്ള അസാധാരണ കഴിവിന്റെ പ്രതിഫലമാണെന്ന് മനസ്സിലാക്കാം. ഉയർന്ന ചിന്തകളും ലളിത ജീവിതശൈലിയും മനുഷ്യരെ അറിഞ്ഞ് സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനും കഴിയുന്ന പ്രത്യേകതകളും അച്ചനെ തികഞ്ഞ ഒരു മനുഷ്യസ്നേഹി ആക്കിത്തീർക്കുന്നു.

തന്റെ സമയവും, ആരോഗ്യവും, കഴിവുകളും ആയുസ്സും തന്റെ സമൂഹത്തിന്റെയും സഭയുടെയും വളർച്ചയ്ക്ക് വിശാലമായ കാഴ്ചപ്പാടുകൾ രൂപീകരിച്ച് ജീവിതം വ്യയം ചെയ്ത വ്യക്തിത്വമാണ് അച്ചന്റേത്. സമൂഹം വളരുമ്പോൾ ദൈവിക പദ്ധതിയുടെ പൂർത്തീകരണവുമാണ് എന്ന് അച്ചൻ വിശ്വസിച്ചു. സമൂഹത്തിലെ ഓരോ അംഗത്തെയും വളർച്ചയെ സ്വപ്നം കണ്ട് സന്യാസപരിശീലന പദ്ധതികളും, ക്ലാസുകളും ആവിഷ്കരിച്ചു. കരുതലും വ്യക്തിപരമായ പ്രോത്സാഹനവുമൊക്കെ സമൂഹ വളർച്ചയ്ക്കുള്ള അച്ചന്റെ താൽപര്യത്തെ വിളിച്ചോതുന്നു. ബ്രദേഴ്സിന്റെ കൂടെ ജോലി ചെയ്യുവാനും, അഭിനയിക്കാനും, പടാനും, തമാശകൾ കാട്ടുവാനുമൊക്കെ, സമൂഹ അദ്ധ്യക്ഷൻ എന്നതുൾപ്പെടെയുള്ള പദവികൾ വഹിച്ചിട്ടുള്ള അച്ചന് കഴിയുന്നത്, സമൂഹത്തെ അത്രമാത്രം അച്ചൻ സ്നേഹിക്കുന്നു എന്നതിനാലാണ്.

ആത്മവിശ്വാസത്തിന് ആൾരൂപമാണ് ബഹുമാനപ്പെട്ട ബെർക്കുമൻസ് അച്ചൻ. ശാരീരിക അസ്വസ്ഥതകൾ ഉണ്ടാവുമ്പോൾ 5

ദിവസം പൂർണ്ണവിശ്രമം വേണമെന്നും മുറിക്ക് പുറത്തിറങ്ങരുത് എന്നു പറഞ്ഞു ഡോക്ടറോട്' പറ്റില്ല ഉടൻ തന്നെ എനിക്ക് ബോംബെയ്ക്ക് പോകണം. അതിനു പറ്റും എന്നു മറുപടി പറയാൻ ബെർക്കുമൻസ് അച്ചന് കഴിയൂ. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും അതിനായി മുന്നോട്ടു ഇറങ്ങുവാനും തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കുവാൻ കഠിന പരിശ്രമം നടത്തുവാനും ഏവരും എതിർക്കുമ്പോഴും തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ മുറുകെ പിടിക്കുവാനുമുള്ള ആത്മ വിശ്വാസവും ആർജ്ജവത്തെ ബഹുമാനപ്പെട്ട അച്ചന്റെ പ്രത്യേകതയാണ്.

ഈ ഒരു ചെറിയ കുറിപ്പുകൊണ്ട് ബഹുമാനപ്പെട്ട അച്ചന്റെ ജീവിതത്തെ വരച്ചുകാട്ടാൻ കഴിയുന്നതല്ല. പക്ഷേ നമുക്ക് അച്ചനെ അടുത്തറിയാം. കാരണം അച്ചന്റെ ജീവിതം സമൂഹാംഗങ്ങളുടെയും സഭയുടെയും മനുഷ്യസമൂഹത്തിന്റെയും മുമ്പിൽ തുറന്ന ഒരു പുസ്തകമാണ്.

തന്റെ ജീവിതത്തിലൂടെയും, വാക്കുകളിലൂടെയും, പ്രവർത്തന ങ്ങളിലൂടെയും അവസാനിക്കാത്ത ക്രിസ്തു സ്നേഹത്തെ ഈ കാലത്തിന് നല്കി കടന്നുപോയ സന്യാസിശ്രേഷ്ഠന് ബാഷ്പാഞ്ജലി... അങ്ങയുടെ പാദമുദ്ര പതിഞ്ഞ ഈ ഭൂമിയിലൂടെ നടന്നു പോകന്നതേ പുണ്യം... ശതാബ്ദിയിലൂടെ കടന്നുപോകുന്ന സമൂഹത്തിന് അങ്ങയുടെ വേർപാട് തീരാനഷ്ടമാണ്. ധന്യമായ ജീവിതത്തെ ബഥനിക്ക്, മലങ്കരയ്ക്ക്, ഈ പാരിന് നല്കിയതിന്, ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു... ജീവന്റെ തുറമുഖത്ത് നമുക്ക് വീണ്ടും കണ്ടുമുട്ടാം... ആചാര്യ ശ്രേഷ്ഠസമാധാനത്തോടെ പോവുക..”

*(മരണശേഷം അച്ചനെപ്പറ്റി ബഥാന്യൻസ് എന്ന വാട്സ് ആപ് ഗ്രൂപ്പിൽ വന്ന അനുസ്മരണക്കുറിപ്പ്)*

*End of a Great Era and a Great Bethanian ....*

*May His Soul Rest in Peace*

# ശതാബ്ദി പ്രാർത്ഥന

ലോകൈകനാഥാ, ജഗത്പിതാവേ കരുണതോന്നി ബഥനിയെ തൃപ്പാദപീഠമാക്കിയാലും. ഇരുമ്പാണികളാൽ മുറിവേൽക്കപ്പെട്ട ആ പാദപത്മങ്ങളെതന്നെ ഭക്തിപൂർവ്വം ചുംബിപ്പാൻ ബഥനിയെ അവിടുന്ന് ആശീർവദിച്ചാലും! സമുദ്രത്തിലെ തിരമാലകളെ ചവുട്ടിതാഴ്ത്തിയ ആ തൃക്കാലുകൾ, കണ്ണുനീരിൽ കുളിച്ച ആ തൃപ്പാദങ്ങൾ, രക്തംപുരണ്ട ആ തൃക്കാലിണകൾ തിരുവുള്ളമുണ്ടായി ബഥനിയുടെ മൂർദ്ധാവിൽ എന്നെന്നും പതിക്കുമാറാകണമേ. തിരുമുറിവുകളിൽ ബഥനി ഇതാ സ്നേഹചുംബനം അർപ്പിക്കുന്നു. അനുകമ്പതോന്നി രക്തസിരകളിലൂടെ ബഥനിയെ അവിടുന്ന് സ്വാംശീകരിച്ചാലും. ബഥനിയെ രൂപപ്പെടുത്തിയതും ബഥനി ലക്ഷ്യം വയ്ക്കുന്നതും എന്നും അവിടുത്തെ തിരുഹൃദയത്തിൽ വസിക്കുവാനാണല്ലോ. അവിടുത്തെ അനന്തകരുണയാലും നടത്തിപ്പിനാലും കഴിഞ്ഞ നൂറുവർഷങ്ങളായി ഞങ്ങളുടെ പൂർവ്വപിതാക്കന്മാരിലൂടെ ഞങ്ങളെ നയിച്ച് പരിപാലിച്ച വഴികളെ ഓർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി അർപ്പിക്കുന്നു. അങ്ങയുടെ ഉപകരണമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മുന്നിൽ കണ്ട ഭാരതമാനസാന്തരവും അതിനതീതമായി ലോകം മുഴുവനിലുംപോയി രക്ഷയുടെ സുവിശേഷം അറിയിക്കുവാൻ ഞങ്ങളെ യോഗ്യരാക്കി. ശതാബ്ദി നിറവിൽ പൂർണ്ണ സ്നേഹത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ സമർപ്പണത്തോടും അവിടുത്തെ വഴികളെ വിവേചിച്ചറിഞ്ഞ് ജീവിക്കുവാനും, പ്രഘോഷിക്കുവാനും വീണ്ടും അവിടുത്തെ പാദാന്തികത്തിൽ ഞങ്ങൾ ഞങ്ങളെത്തന്നെ പുനഃപ്രതിഷ്ഠിക്കുന്നു. പകൽ മേഘസ്തംഭമായും രാത്രി അഗ്നിതൂണായും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ നയിച്ച് പരിപാലിച്ച അവിടുത്തെ കരം എന്നും ബഥനി മക്കളായ ഞങ്ങളോടുകൂടെ ആയിരിക്കണമെന്ന് അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു... ആമ്മേൻ.

സ്വർഗ്ഗസ്ഥനായ പിതാവേ... കൃപനിറഞ്ഞ മറിയമേ... ത്രിത്വസ്തുതി.